I ഇ.ബി. XIV - കേരള നിയമസഭ /V-15

# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 17, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I റൂളിംഗ്

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്

മി. സ്പീക്കർ: നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യസമയത്തുതന്നെ മറുപടി ലഭ്യമാക്കണമെന്നത് സംബന്ധിച്ച് നിരവധി റൂളിംഗുകളും ഓർമ്മപ്പെടുത്തലുകളും ചെയറിൽനിന്നും ഉണ്ടായിട്ടുള്ളതാണ്. എന്നാൽ ഇക്കാര്യത്തിൽ ഗുണപരമായ പുരോഗതി ഉണ്ടാകുന്നില്ല എന്നതും ഇതുസംബന്ധിച്ച പരാതികൾ വീണ്ടും ഉയരുന്ന

എന്നതും ചെയറിനെ അസ്വസ്ഥതപ്പെടുത്തുന്നു. പ്രതിപക്ഷനേതാവ് 10-05-2017-ന് നൽകിയ കത്തിൽ അന്നേ ദിവസത്തേയ്ക്ക് നോട്ടീസ് നൽകിയിരുന്ന 333 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 19 എണ്ണത്തിന് മാത്രമേ സമയപരിധിക്കുള്ളിൽ ഉത്തരം നൽകിയിരുന്നുള്ളൂവെന്ന് അറിയിക്കുകയും ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ പ്രസ്തുത പരാതി വസ്തുതാപരമാണെന്നും അന്നേ ദിവസത്തെ കുറേ ചോദ്യങ്ങൾക്കുള്ള മറുപടി തൊട്ടടുത്ത ദിവസങ്ങളിൽ നൽകിയിരുന്നതായും കാണുകയുണ്ടായി. 244 ചോദ്യങ്ങൾക്കുള്ള മറുപടി ഇനിയും ലഭിക്കാനുണ്ട്. ഇത് അങ്ങേയറ്റം നിരാശാജനകമാണ്. ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച പരാതികൾ വീണ്ടും സഭാതലത്തിൽ ഉയർന്നുവരുന്നതും അവ ഓരോന്നിന്റെയും പേരിൽ ചെയറിൽനിന്നും ആവർത്തിച്ച് റൂളിംഗുകൾ ഉണ്ടാകുന്നതും ഒഴിവാക്കപ്പെടേണ്ടതാണ്. വിവരാവകാശ നിയമംമൂലം സാധാരണ ജനങ്ങൾക്കുപോലും വിവരങ്ങൾ യഥാസമയം ലഭ്യമാകുന്ന സാഹചര്യം നിലവിലുള്ളപ്പോൾ ബഹുമാനപ്പെട്ട സാമാജികർ 10 ദിവസങ്ങൾക്കുമുമ്പ് എഴുതി സമർപ്പിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകാതിരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ന്യായീകരണം പര്യാപ്തമാകുമെന്ന് കരുതുന്നില്ല. ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകുന്നതിന് അതത് മന്ത്രിമാരുടെ

ഓഫീസുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ ഏകോപനം ഉണ്ടാകേണ്ടതായിട്ടുണ്ട്. നാലാം സമ്മേളനം അവസാനിക്കുന്ന ദിവസം ബഹുമാനപ്പെട്ട ആറ് മന്ത്രിമാർ തങ്ങളുടെ വകുപ്പുകളുമായി ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകിയിട്ടുണ്ട്. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കുന്നില്ലെന്ന തരത്തിലുള്ള പരാതിക്കോ വിശദീകരണങ്ങൾക്കോ ചെയറിൽനിന്ന് ആവർത്തിച്ചുള്ള റൂളിംഗുകൾക്കോ ഇടവരുത്താത്ത വിധത്തിൽ മേലിൽ ചോദ്യങ്ങൾക്കുള്ള മറുപടികൾ ചട്ടം നിഷ്കർഷിക്കുന്ന പ്രകാരംതന്നെ ലഭ്യമാക്കുന്ന കാര്യത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് പരാതികൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തണമെന്ന് ചെയർ റൂൾ ചെയ്യുന്നു. അഞ്ചാം സമ്മേളനം ഈ മാസം 25-ാം തീയതി അവസാനിക്കുകയാണ്. ഇനിയും ആറ് ദിവസമാണ് സഭ സമ്മേളിക്കാനിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഈ സമ്മേളന കാലത്ത് ലഭിച്ച ചോദ്യങ്ങൾക്കുള്ള നോട്ടീസുകളിൽ ഇനിയും മറുപടി ലഭ്യമാക്കാനുള്ള എല്ലാ ചോദ്യങ്ങൾക്കും സമ്പൂർണ്ണ മറുപടി 25-ാം തീയതിക്കകംതന്നെ നൽകണമെന്ന് ചെയർ റൂൾ ചെയ്യുന്നു. ഈ സമ്മേളനം അവസാനിക്കുന്ന സന്ദർഭത്തിൽ സമ്മേളന നടപടികളെ സംബന്ധിച്ച സംക്ഷിപ്ത വിവരണം നടത്തുമ്പോൾ മറുപടി ലഭ്യമാകാത്ത ചോദ്യങ്ങളെ സംബന്ധിച്ച് പരാമർശമുണ്ടാകാതിരിക്കാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും അറിയിക്കുന്നു.

## II അടിയന്തരപ്രമേയം

കെ.എസ്.യു. പ്രകടനത്തിന് നേരെ നടന്ന പോലീസ് അതിക്രമം

മി. സ്പീക്കർ: സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്ക് പ്രവേശനത്തിന് സർക്കാർ ഏർപ്പെടുത്തിയ അമിതമായ ഫീസ് വർദ്ധനവിൽ പ്രതിഷേധിച്ച് കെ.എസ്.യു. സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രകടനത്തിന് നേരെ യാതൊരു പ്രകോപനവുമില്ലാതെ തികച്ചും ക്രൂരമായി പോലീസ് നടത്തിയ ലാത്തിച്ചാർജ്ജിലും ടിയർ ഗ്യാസ് പ്രയോഗത്തിലും നിരവധി വിദ്യാർത്ഥികൾക്ക് ഗുരുതരമായി പരിക്കേറ്റ സാഹചര്യവും അവർക്ക് മെഡിക്കൽ കോളേജിൽ ന്യായമായ ചികിത്സ നിഷേധിച്ച മനുഷ്യത്വരഹിതമായ നടപടിയെക്കുറിച്ചും മനുഷ്യാവകാശ ലംഘനത്തെക്കുറിച്ചും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഹൈബി ഈഡൻ, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(ചെലവ് ചുരുക്കലിന്റെ പേരിൽ കേരളത്തിലെ റബ്ബർ ബോർഡിന്റെ പ്രാദേശിക ഓഫീസുകൾ പൂട്ടിയതുമൂലം റബ്ബർ കർഷകർ അനുഭവിക്കുന്ന ദുരിതങ്ങൾ സംബന്ധിച്ച് ശ്രീ. കെ. എം. മാണി റൂൾ 50 പ്രകാരമുള്ള നോട്ടീസും ശ്രീ. കെ. സി. ജോസഫ് ഇതേ വിഷയത്തിൽ സബ്മിഷനും നൽകിയിട്ടുണ്ടെങ്കിലും ചട്ടപ്രകാരം രണ്ടാമത്തെ നോട്ടീസ് അംഗീകരിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ വിഷയത്തിന്റെ

ഗൗരവം പരിഗണിച്ച് ആദ്യത്തെ സബ്മിഷനായി അനുവദിക്കാവുന്നതാണ്.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഫീസ് വർദ്ധനവ് ആരോപിച്ചും വിദ്യാഭ്യാസ നയങ്ങൾ തിരുത്തണമെന്ന് ആവശ്യപ്പെട്ടും കെ.എസ്.യു. പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഇരുനൂറോളം പേർ 16-05-2017-ന് ഉച്ചയ്ക്ക് 12.30-ന് പാളയം രക്തസാക്ഷി മണ്ഡപത്തിന് സമീപത്തുനിന്നും നിയമസഭാ മാർച്ച് നടത്തുകയുണ്ടായി. വേൾഡ് വാർ മെമ്മോറിയലിന്റെ ഭാഗത്തുവച്ച് പ്രവർത്തകരെ ബാരിക്കേഡുകൾ നിരത്തി പോലീസ് തടഞ്ഞതിനെത്തുടർന്ന് അവർ റോഡിൽ കുത്തിയിരുന്ന് മുദ്രാവാക്യം വിളിക്കുകയും അക്രമാസക്തരായി ബാരിക്കേഡുകൾ തള്ളിയിട്ട് മുന്നോട്ടുപോകാൻ ശ്രമിക്കുകയും പോലീസിനും വാഹനങ്ങൾക്കും നേരെ അക്രമം നടത്തുകയും ചെയ്തു. പിരിഞ്ഞുപോകണമെന്ന് നിയമാനുസരണം പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും കൂട്ടാക്കാതെ മുദ്രാവാക്യം വിളിച്ച് ഗതാഗതം പൂർണ്ണമായും സ്തംഭിപ്പിക്കുകയും പോലീസിനും പൊതുജനങ്ങൾക്കും വാഹനങ്ങൾക്കും നേരെ കല്ലുകളും കമ്പുകളും വലിച്ചെറിഞ്ഞ് അക്രമം അഴിച്ചുവിടുകയും ചെയ്തു. സ്ഥലത്തുണ്ടായിരുന്ന എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നിർദ്ദേശാനുസരണം പ്രകോപിതരെ ജലപീരങ്കി ഉപയോഗിച്ച് പിരിച്ചുവിടാൻ ശ്രമിച്ചുവെങ്കിലും പോലീസിന് നേരെ അക്രമപ്രവർത്തനം തുടർന്നതിനാൽ ടിയർ ഗ്യാസ് ഷെല്ലും ടിയർ ഗ്യാസ് ഗ്രനേഡും ലാത്തിച്ചാർജ്ജും പ്രയോഗിക്കേണ്ടിവന്നു.

സംഭവത്തെത്തുടർന്ന് പരിക്കേറ്റ 12 സമരക്കാരെ പോലീസ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിക്കുകയും ഒ.പി. ടിക്കറ്റ് നൽകി ഡോക്ടർമാർ പരിശോധിച്ചതിനുശേഷം തുടർപരിശോധനയ്ക്കായി വിവിധ പരിശോധനാ വിഭാഗങ്ങളിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. വൈകുന്നേരത്തോടെ എല്ലാവരുടെയും ഒ.പി. ടിക്കറ്റുകൾ കൊണ്ടുവന്ന് ഒരുമിച്ച് അഡ്മിറ്റ് ചെയ്യണമെന്ന് ഡോക്ടറോട് ആവശ്യപ്പെട്ടപ്പോൾ പരിശോധനാ റിപ്പോർട്ടുകൾ സഹിതം ഓരോരുത്തരായി വരണമെന്ന് ഡോക്ടർമാർ നിർദ്ദേശിക്കുകയാണ് ചെയ്തത്. ആർക്കും ചികിത്സ നിഷേധിക്കുന്ന നിലപാട് സ്വീകരിച്ചിട്ടില്ല. ഭൂരിപക്ഷം പേർക്കും തലയ്ക്കാണ് പരിക്കേറ്റതെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. പത്തുപേരാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിലവിൽ ചികിത്സയിലുള്ളത്. കെ.എസ്.യു. പ്രവർത്തകർ പോലീസിനുനേരെ നടത്തിയ കല്ലേറിൽ കന്റോൺമെന്റ് എ.സി.പി. ഉൾപ്പെടെ അഞ്ച് പോലീസ് ഉദ്യോഗസ്ഥർ പരിക്കേറ്റ് ചികിത്സ തേടിയിട്ടുണ്ട്. ഔദ്യോഗിക കൃത്യനിർവ്വഹണത്തിലേർപ്പെട്ട പോലീസുകാരെ പരിക്കേൽപ്പിക്കുകയും കൃത്യനിർവ്വഹണത്തിന് തടസ്സം നിൽക്കുകയും പൊതുവീഥിയിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കുകയും ചെയ്തതിന് അറുപത്തിയെട്ടോളം പേരെ പ്രതികളാക്കി മ്യൂസിയം പോലീസ് സ്വമേധയാ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

<u>ശ്രീ. ഹൈബി ഈഡൻ</u>: മെഡിക്കൽ, പി.ജി. കോഴ്സുകളിലേയ്ക്കുള്ള ഫീസ് വർദ്ധനവിനെതിരെ കെ.എസ്.യു. സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ മാർച്ചിൽ പങ്കെടുത്ത വിദ്യാർത്ഥികളെ നിയമസഭാ കവാടത്തിനടുത്തുള്ള റോഡിൽവച്ച് കന്റോൺമെന്റ് എ.സി.-യുടെ നേതൃത്വത്തിൽ ബാരിക്കേഡുകൾവച്ച് തടയുകയും സമരക്കാർക്കുനേരെ പോലീസ് ആക്രോശിക്കുകയും ജലപീരങ്കി ഉപയോഗിച്ച് പെൺകുട്ടികളടക്കമുള്ള വിദ്യാർത്ഥികളെ ലാത്തിച്ചാർജ്ജിന് വിധേയമാക്കുകയും ചെയ്തു. കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ് ഉൾപ്പെടെയുള്ളവരെ അതിക്രൂരമായ രീതിയിലാണ് പോലീസുകാർ മർദ്ദിച്ചത്. പിരിഞ്ഞുപോകാതെനിന്ന വിദ്യാർത്ഥികളെ ഫൈബർ ലാത്തി ഉപയോഗിച്ച് തലയ്ക്കടിക്കുകയാണ് ചെയ്തത്. ഇത്രയും സംഭവങ്ങളുണ്ടായിട്ടും പോലീസിന്റെ ഭാഗത്തുനിന്ന് അക്രമപ്രവർത്തനങ്ങളുണ്ടായില്ല എന്ന മുഖ്യമന്ത്രിയുടെ വാദം വസ്തുതാവിരുദ്ധമാണ്. ഒരു പെൺകുട്ടിക്കുനേരെ അസഭ്യവർഷം ചൊരിഞ്ഞ പോലീസുകാരനെതിരെ നടപടി സ്വീകരിക്കണം. സമരം ചെയ്ത വിദ്യാർത്ഥികൾക്കുനേരെ ടിയർഗ്യാസും ഗ്രനേഡുകളുമാണ് പ്രയോഗിച്ചത്. ഗുരുതരമായി പരിക്കേറ്റ വിദ്യാർത്ഥികളെ മെഡിക്കൽ കോളേജിലെത്തിച്ചെങ്കിലും മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി രണ്ടു മണിക്കൂർ കുത്തിയിരുപ്പ് സമരം നടത്തിയതിനുശേഷം മാത്രമാണ് അഡ്മിറ്റ് ചെയ്യാൻ തയ്യാറായത്. പരിക്കേറ്റ വിദ്യാർത്ഥികൾക്ക് ചികിത്സ നിഷേധിച്ച അത്യാഹിത

വിഭാഗത്തിലെ ഡോക്ടർക്കെതിരെ നടപടി സ്വീകരിക്കണം. സംസ്ഥാന ഗവൺമെന്റിന്റെ പൊളിറ്റിക്കൽ അജണ്ട ഡോക്ടർമാരിലൂടെ നടപ്പാക്കാനാണ് ശ്രമിക്കുന്നത്. സാധാരണക്കാർക്ക് മെഡിക്കൽ വിദ്യാഭ്യാസം അപ്രാപ്യമാകുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ മാറുകയാണ്. മുൻ സർക്കാർ അഞ്ച് വർഷംകൊണ്ട് 47,000 രൂപയുടെ ഫീസ് വർദ്ധനവ് നടപ്പാക്കിയ സ്ഥാനത്ത് ഈ സർക്കാർ നൂറ് ദിവസംകൊണ്ട് 65,000 രൂപ വർദ്ധിപ്പിച്ച് സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. സാധാരണക്കാരന് മെഡിക്കൽ വിദ്യാഭ്യാസം അപ്രാപ്യമാക്കുന്ന തരത്തിലുള്ള നിലപാട് സ്വീകരിക്കുന്നത് പ്രതിഷേധാർഹമാണ്. സ്വാശ്രയ കൊള്ളക്കാർക്ക് കുടപിടിക്കുന്ന സർക്കാർ നടപടി അംഗീകരിക്കാൻ കഴിയില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : മെഡിക്കൽ സീറ്റുകളിലേയ്ക്ക് നാഷണൽ മെരിറ്റ് ലിസ്റ്റിൽ നിന്നുമാത്രമേ പ്രവേശനം നടത്തുന്നതിന് സാധിക്കുകയുള്ളൂവെന്നതിനാൽ സ്വാശ്രയ മാനേജുമെന്റുകളുമായി കരാറിൽ ഏർപ്പെടാൻ ഗവൺമെന്റിന് കഴിയില്ലെന്ന യാഥാർത്ഥ്യം പ്രതിപക്ഷം മനസ്സിലാക്കണം. ഫീസ് നിശ്ചയിക്കുന്നതിനുള്ള അധികാരം ഫീ റെഗുലേറ്ററി കമ്മിറ്റിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഫീസ് വർദ്ധനവിനെതിരെ സമരം

ചെയ്ത വിദ്യാർത്ഥികൾ വടികളും കല്ലുകളുമുപയോഗിച്ച് പോലീസിനെ നേരിടുന്ന സ്ഥിതിയാണുണ്ടായിരുന്നത്. ഏറ്റുമുട്ടലിൽ പരിക്കേറ്റവർക്ക് മെഡിക്കൽ കോളേജിലെ അത്യാഹിതവിഭാഗത്തിൽ പ്രാഥമിക പരിശോധന നടത്തിയശേഷം വിവിധ പരിശോധനകൾക്കുള്ള കുറിപ്പ് നൽകുകയാണുണ്ടായത്. പരിക്കേറ്റ കെ.എസ്.യു. പ്രവർത്തകർക്ക് അഡ്മിഷൻ നിഷേധിക്കുന്ന നിലപാട് ആശുപത്രി അധികൃതർ സ്വീകരിച്ചിട്ടില്ല. തുടർപരിശോധനയ്ക്കായി പ്രവർത്തകർ എത്താത്തതുമൂലമുള്ള പ്രശ്നമാണുണ്ടായത്. ശ്രീ. ഉമ്മൻ ചാണ്ടി മെഡിക്കൽ കോളേജിൽ പ്രതിഷേധസമരം നടത്തുന്ന വിവരം അറിഞ്ഞയുടൻ കാര്യങ്ങൾ അദ്ദേഹത്തെ അറിയിക്കുന്നതിനും പ്രശ്നം വേഗത്തിൽ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന നിർദ്ദേശമാണ് ആശുപത്രി അധികൃതർക്ക് നൽകിയത്. കെ.എസ്.യു. പ്രവർത്തകരുടെ സമരത്തെ തികഞ്ഞ സംയമനത്തോടെയാണ് പോലീസ് നേരിട്ടത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് മെഡിക്കൽ ഉപരിപഠനം സാധ്യമാക്കുന്നതിന് എന്തു ചെയ്യാൻ കഴിയുമെന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സ്വാശ്രയ കോളേജുകളിലെ ഫീസ് വർദ്ധനവിനെതിരെ കെ.എസ്.യു. പ്രവർത്തകർ നടത്തിയ സമരത്തെ

അതിക്രൂരമായാണ് പോലീസ് നേരിട്ടത്. ഫീസ് വർദ്ധനവ് സംബന്ധിച്ച് സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ച നടത്തിയില്ല എന്ന സർക്കാർ വാദം തെറ്റാണ്. ഫീ റെഗുലേറ്ററി കമ്മിറ്റി പ്രൊവിഷണലായി തീരുമാനിച്ചിരിക്കുന്ന ഫീസ് വീണ്ടും വർദ്ധിപ്പിക്കാനുള്ള സാഹചര്യമുണ്ട്. ചർച്ചയിലൂടെ ഫീസ് കുറയ്ക്കുന്നതിന് തയ്യാറാകാത്ത സർക്കാർ നിലപാട് അംഗീകരിക്കാൻ കഴിയില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി പഠിക്കാനുള്ള അവസരമൊരുക്കാൻ സർക്കാർ തയ്യാറാകണം. വിദ്യാർത്ഥി സമരങ്ങളെ അടിച്ചമർത്തുന്ന സർക്കാർ നിലപാട് പ്രതിഷേധാർഹമാണ്. സമാധാനപരമായി സമരം നടത്തിയ വിദ്യാർത്ഥികൾക്കുനേരെയാണ് ഗ്രനേഡ് എറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ചത്. അക്രമ മാർഗ്ഗത്തിലൂടെ വിദ്യാർത്ഥി സമരങ്ങളെ അടിച്ചമർത്താനുള്ള ശ്രമത്തെ അവഗണിച്ചുകൊണ്ട് ശക്തമായ തുടർസമരങ്ങളുമായി മുന്നോട്ടുപോകും. വിദ്യാർത്ഥികളെ തലയ്ക്കടിച്ച് പരിക്കേൽപ്പിച്ച സംഭവത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനെക്കുറിച്ച് സർക്കാർ പരിശോധിക്കണം. വിദ്യാർത്ഥി സമരങ്ങളെ അടിച്ചമർത്താൻ ലാത്തിച്ചാർജ്ജ് നടത്തുന്ന നടപടി അങ്ങേയറ്റം പ്രതിഷേധാത്മകമാണ്. മർദ്ദനമേറ്റ വിദ്യാർത്ഥിക്ക്

ചികിത്സ നിഷേധിച്ച നിലപാടിൽ പ്രതിഷേധിച്ച് മുൻ മുഖ്യമന്ത്രിക്ക് ആശുപത്രിയിൽ സത്യാഗ്രഹം ഇരിക്കേണ്ടിവന്ന സാഹചര്യം ജനാധിപത്യത്തിന് ഭൂഷണമല്ല. ചികിത്സ നിഷേധിച്ച ഡോക്ടറെ സസ്പെന്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. പെൺകുട്ടികളടക്കമുള്ള വിദ്യാർത്ഥികളെ ക്രൂരമായി മർദ്ദിക്കുന്ന നിലപാടിൽനിന്ന് പിന്തിരിയണം. ഇത്തരം സംഭവങ്ങൾക്കുത്തരവാദികളായ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുന്നതിനുപകരം അവരെ സംരക്ഷിക്കുന്ന നിലപാടാണ് ഗവൺമെന്റ് കൈക്കൊള്ളുന്നത്. ഈ വിഷയത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. ശ്രീ. കെ. എം. മാണി പ്രസ്താവന നടത്തിയശേഷം അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോയി.)

## III ശ്രദ്ധക്ഷണിക്കൽ

### (1) <u>മത്സ്യബന്ധന തുറമുഖ നിർമ്മാണം</u>

<u>ശ്രീ. എ. എൻ. ഷംസീർ</u> : തലശ്ശേരിയുടെ പരമ്പരാഗത മത്സ്യഗ്രാമങ്ങളായ തലായിയെയും ഗോപാൽപേട്ടയെയും ബന്ധിപ്പിച്ചുകൊണ്ട് നിർമ്മിച്ച തലായി

ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാകാത്തതിന്റെ ഫലമായി ജനങ്ങൾ വളരെയധികം ബുദ്ധിമുട്ട് അഭിമുഖീകരിക്കുകയാണ്. തലായി ഭാഗത്തെ പ്രവർത്തനങ്ങൾ പൂർത്തിയായെങ്കിലും ഗോപാൽപേട്ടയിലെ പ്രവൃത്തികൾ ഇനിയും ആരംഭിച്ചിട്ടില്ല. റിംഗ് റോഡ് നിർമ്മിക്കുന്നതിനും ഹാർബറിലെ ചില സ്ഥലങ്ങളിൽ കാണപ്പെടുന്ന പാറകൾ നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. യാർഡിലെ ഇലക്ട്രിക് വർക്ക് പൂർത്തീകരിക്കണം. വേലിയിറക്ക സമയത്ത് മണൽത്തിട്ട കാരണം മത്സ്യബന്ധന ബോട്ടുകൾക്ക് കടന്നുവരാൻ കഴിയാത്തതിനാൽ ഹാർബറിലെ ബാക്കിയുള്ള പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കണം. മത്സ്യത്തൊഴിലാളികൾ ധാരാളമുള്ള തലശ്ശേരിയിലെ തലായി ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട ഗുരുതരമായ വിഷയത്തെ ലാഘവബുദ്ധിയോടെ കാണുന്ന സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോയി.)

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും

വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) : തലായി മത്സ്യബന്ധന തുറമുഖത്തിലെ രണ്ട് പുലിമുട്ടുകൾക്കിടയിലുള്ള ലാന്റിംഗ് സെന്ററാണ് ചാലിൽ ഗോപാൽപേട്ട. 1993 -ൽ നിർമ്മാണം പൂർത്തിയാക്കിയ ഈ സെന്റർ തലായി മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ അംഗീകരിച്ച ഘടകങ്ങളിൽ ഉൾപ്പെടുന്നതല്ല. ചാലിൽ ഗോപാൽപേട്ട ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണത്തിന് എൻ.എഫ്.ഡി.ബി. -യിൽ നിന്നും 83.4 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും ആദ്യ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തലായി ഒരു ഫിഷിംഗ് ഹാർബറായി ഉയർത്തണമെന്ന മത്സ്യത്തൊഴിലാളികളുടെ ആവശ്യം കണക്കിലെടുത്ത് പുതിയ പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും 19.25 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുമുണ്ടായി. നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടിവന്ന ടെണ്ടർ അധിക നിരക്ക്, ഷെഡ്യൂൾ റിവിഷൻ എന്നിവയുടെ ഭരണാനുമതി തുകയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ പുതിയ എസ്റ്റിമേറ്റ് നൽകുകയും 34.79 കോടി രൂപയുടെ ഭരണാനുമതി കേന്ദ്രത്തിൽ നിന്നും ലഭ്യമാകുകയും ചെയ്തു. തലായി ഫിഷിംഗ് ഹാർബറിന്റെ 75 ശതമാനം നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രെഡ്ജിംഗ്, പാർക്കിംഗ് ഏരിയ, ലോഡിംഗ് ഏരിയ, തീരസംരക്ഷണത്തിനായുള്ള ഗ്രോയിംഗ് നിർമ്മാണം എന്നിവയാണ് ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ. പാർക്കിംഗ് ഏരിയ/

ലോഡിംഗ് ഏരിയയുടെ 85 ശതമാനം പണി പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രെഡ്ജിംഗ് പ്രവൃത്തി 10 ശതമാനം മാത്രമേ പൂർത്തിയായിട്ടുള്ളൂ. ശേഷിക്കുന്ന ഡ്രെഡ്ജിംഗ് പ്രവൃത്തി, പാർക്കിംഗ് ആന്റ് ലോഡിംഗ് ഏരിയായിൽ ഗ്രോയിംഗ് നിർമ്മാണം എന്നിവ പൂർത്തീകരിച്ച് 2017 ഡിസംബറിൽ ഹാർബർ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. തലായി മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ ഭാഗമായി ഇപ്പോൾ നടന്നുവരുന്ന ഡ്രെഡ്ജിംഗ് പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ ചാലിൽ ഗോപാൽപേട്ട ഭാഗത്ത് ബീച്ച് ലാന്റിംഗിനുള്ള സൗകര്യം ലഭിക്കുന്നതാണ്. സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുത്ത് റിംഗ് റോഡ് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനായി എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ഉദ്യോഗസ്ഥരുടെ ഉന്നതതല യോഗം വിളിച്ചു ചേർക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സഭയിൽനിന്നും പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ തിരികെ ഹാജരായി.)

(2) <u>ഉപരിപഠനത്തിന് സീറ്റ് ഉറപ്പാക്കൽ</u>

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ മലപ്പുറം ജില്ലയിൽനിന്നും 76985 കുട്ടികൾ വിജയിച്ചുവെങ്കിലും ഉപരിപഠനത്തിന് സീറ്റുകൾ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. നിലവിൽ ഹയർ സെക്കണ്ടറിക്ക് 47934-ഉം വൊക്കേഷണൽ ഹയർ

സെക്കണ്ടറിക്ക് 2300 സീറ്റുകളുമുൾപ്പെടെ ഏകദേശം 50,000 സീറ്റുകളാണ് ഉപരിപഠനത്തിനായി ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങളിലുള്ളത്. കേരളത്തിലെ മറ്റ് ജില്ലകളിൽ പ്ലസ് വൺ കോഴ്സിന് എല്ലാ വിദ്യാർത്ഥികൾക്കും സീറ്റ് ലഭിക്കുന്ന സാഹചര്യമുള്ളപ്പോൾ മലപ്പുറം ജില്ലയിൽ മൂന്നിലൊന്ന് വിദ്യാർത്ഥികൾ അഡ്മിഷൻ ലഭിക്കാതെ പുറത്തുനിൽക്കേണ്ട അവസ്ഥയിലാണ്. എസ്.എസ്.എൽ.സി. വരെ മാത്രമുള്ള ഗവൺമെന്റ് സ്കൂളുകളിൽക്കൂടി ഹയർ സെക്കണ്ടറി കോഴ്സുകൾ അനുവദിക്കുന്നതിനും 20 ശതമാനം സീറ്റുകൾ വർദ്ധിപ്പിച്ചുനൽകുന്നതോടൊപ്പം ഗവൺമെന്റ് സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): മലപ്പുറം ജില്ലയിൽനിന്ന് എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ 76985 കുട്ടികൾ ഈ വർഷം ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്. 2017-18 അദ്ധ്യയന വർഷത്തിൽ മലപ്പുറം ജില്ലയിൽ ഹയർ സെക്കണ്ടറി പ്ലസ് വൺ കോഴ്സിന് മെറിറ്റ് ക്വാട്ടയിൽ 40722-ഉം മാനേജ്മെന്റ് ക്വാട്ടയിൽ 5358-ഉം കമ്മ്യൂണിറ്റി ക്വാട്ടയിൽ 3180-ഉം അൺ എയ്ഡഡ് മേഖലയിൽ 11386 സീറ്റുകളുമുൾപ്പെടെ ആകെ 60646 സീറ്റുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഐ.റ്റി.ഐ., പോളിടെക്നിക്കുകൾ എന്നിവിടങ്ങളിലായി 8689 സീറ്റുകളും ഉപരിപഠനത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

ഇതിനുപുറമെ ഓപ്പൺ സ്കൂൾ മുഖാന്തിരവും വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി പഠനം നടത്താവുന്നതാണ്. ഇത്തരത്തിൽ മലപ്പുറം ജില്ലയിൽനിന്നും 2017 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിനാവശ്യമായ സൗകര്യം ഒരുക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം 2016-17-ൽ പ്രവേശന നടപടികൾ പൂർത്തിയായപ്പോൾ മലപ്പുറം ജില്ലയിൽ ഹയർ സെക്കണ്ടറി പ്ലസ് വൺ കോഴ്സിന് 4615 സീറ്റുകൾ ഒഴിഞ്ഞുകിടന്നതായി കണ്ടെത്തിയിട്ടുണ്ട്. ഏകജാലക സംവിധാനം മുഖേനയുള്ള അലോട്ട്മെന്റിലൂടെ ഈ അദ്ധ്യയന വർഷത്തെ പ്രവേശന നടപടികൾ പൂർത്തിയായതിനുശേഷം വസ്തുതകൾ വിലയിരുത്തി നടപടി സ്വീകരിക്കുന്നതാണ്.

## IV സബ്മിഷൻ

(1) റബ്ബർ ബോർഡിന്റെ റീജിയണൽ ഓഫീസുകൾ പൂട്ടുന്നത് സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: റബ്ബർ ബോർഡിന്റെ കേരളത്തിലെ മേഖലാ ഓഫീസുകൾ പൂട്ടാനും റബ്ബർ ബോർഡ് ആസ്ഥാനം കോട്ടയത്തുനിന്നും മാറ്റാനുമുള്ള നീക്കം തടയുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

ശ്രീ. കെ. സി. ജോസഫ്: റബ്ബർ ബോർഡിന്റെ കേരളത്തിലെ റീജിയണൽ ഓഫീസുകൾ നിർത്തലാക്കുന്നതുവഴി സമ്പദ്ഘടനയിൽ വലിയ പങ്കുവഹിക്കുന്ന റബ്ബർ കൃഷിയെ തകർക്കാനുള്ള കേന്ദ്ര നീക്കത്തിനെതിരെ ശക്തമായി

പ്രതിഷേധിക്കുകയും സർവ്വകക്ഷി സംഘത്തെ അയച്ച് പ്രധാനമന്ത്രിയുമായി ഈ വിഷയം ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സംസ്ഥാന ഗവൺമെന്റ് ഈ വിഷയം വളരെ ഗൗരവത്തോടെയാണ് കാണുന്നത്. റബ്ബർ ബോർഡിനുകീഴിലുള്ള കോതമംഗലം-എറണാകുളം മേഖലാ ഓഫീസുകൾ സംയോജിപ്പിക്കാനും ചങ്ങനാശ്ശേരി-കോട്ടയം ഓഫീസുകൾ സംയോജിപ്പിച്ച് ചങ്ങനാശ്ശേരിയിൽ പ്രവർത്തനം തുടങ്ങാനുമാണ് പദ്ധതിയിട്ടിരിക്കുന്നത്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലാണ് ഇനി റബ്ബർ കൃഷി വ്യാപിപ്പിക്കേണ്ടതെന്നും കേരളത്തിൽ റബ്ബർ ബോർഡിന്റെ പ്രവർത്തനം കുറച്ചുകൊണ്ടുവരണമെന്നുമുള്ള കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ നയമാണ് ഓഫീസുകൾ നിർത്തലാക്കുന്നതിലൂടെ നടപ്പാക്കുന്നത്. പുതിയ റബ്ബർ നയം രൂപീകരിക്കുമെന്ന പ്രഖ്യാപനത്തിൽനിന്നും പിന്നോട്ടുപോയ കേന്ദ്ര സർക്കാർ റബ്ബർ ആക്ട് തന്നെ റദ്ദാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതായാണ് അറിയാൻ കഴിഞ്ഞത്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് കേന്ദ്ര സർക്കാരിന് നിവേദനം നൽകുകയും കേന്ദ്ര മന്ത്രിമാരെ നേരിൽക്കണ്ട് കേരളത്തിന്റെ ആശങ്കകൾ ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേഖലാ ഓഫീസുകൾ പൂട്ടിയും സംയോജിപ്പിച്ചും റബ്ബർ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനെതിരെ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയേയും 90 ശതമാനം വരുന്ന റബ്ബർ കർഷകരേയും ബാധിക്കുന്ന ഈ വിഷയം പ്രധാനമന്ത്രിയെ നേരിൽക്കണ്ട് ബോദ്ധ്യപ്പെടുത്തുന്നതിനായി സർവ്വകക്ഷി സംഘത്തെ അയയ്ക്കുകയും ചെയ്യുന്നതാണ്.

(2) <u>ശബ്ദതാരാവലിയുടെ നൂറാം വാർഷികം</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ മലയാളം ശബ്ദതാരാവലിയുടെ നൂറാം വാർഷികം സർക്കാർ തലത്തിൽ സമുചിതമായി ആഘോഷിക്കുന്നതിനും മലയാള ഭാഷയിലുണ്ടായ പുതിയ വാക്കുകളും പ്രയോഗങ്ങളും ഉൾപ്പെടുത്തി ശബ്ദതാരാവലി പരിഷ്കരിച്ച് സമഗ്രമായ നിഘണ്ടു നിർമ്മിക്കുന്നതിനും ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയ്ക്കുവേണ്ടി സ്മാരകം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള മലയാള ഭാഷയ്ക്ക് നൽകിയ മഹത്തായ ഗ്രന്ഥമായ ശബ്ദതാരാവലിയുടെ ആദ്യത്തെ സഞ്ചിക പ്രസിദ്ധീകരിച്ചിട്ട് 2017 നവംബർ മാസത്തിൽ നൂറ് വർഷം പൂർത്തിയാകുന്നതാണ്. ഈ അവസരത്തിൽ ശബ്ദതാരാവലിക്ക് കിട്ടിയ അംഗീകാരം അതിന്റെ ഗ്രന്ഥകർത്താവിന് ലഭിച്ചിട്ടില്ലെന്നുള്ളത് ഗവൺമെന്റ് ഗൗരവമായി കാണുകയും സാംസ്കാരിക

വകുപ്പിന്റെ നേതൃത്വത്തിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭാഷാ ശില്പശാലകൾ, അക്കാദമിക് പരിപാടികൾ, പുസ്തകമേള തുടങ്ങിയ വിപുലമായ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുകയും ശബ്ദതാരാവലിയുടെ നൂറാം വാർഷികം പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുകയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതുതായി നിർമ്മിക്കുന്ന ലൈബ്രറി കെട്ടിടത്തിന് ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ പേര് നൽകുകയും ചെയ്യുന്നതാണ്.

(3) പ്രത്യേക ട്രിബ്യൂണൽ

ശ്രീ. എൻ. ഷംസുദ്ദീൻ: പ്ലാച്ചിമടയിലെ കൊക്കകോള ദുരിതബാധിതർക്ക് ദേശീയ ഗ്രീൻ ട്രിബ്യൂണൽ വഴി കമ്പനിയിൽനിന്നും നഷ്ടപരിഹാരം വാങ്ങിക്കൊടുക്കുന്നതിനും കൊക്കകോള വിരുദ്ധ സമിതിക്കാരുമായി ചർച്ച ചെയ്യുന്നതിനും കമ്പനിക്കാർ കോടതി അനുവദിച്ചതിനേക്കാൾ കൂടുതൽ വെള്ളം എടുക്കുന്നതിനെതിരെയും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേരള നിയമസഭ പാസ്സാക്കിയ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രിബ്യൂണൽ ബിൽ രാഷ്ട്രപതി അനുമതി നൽകാതെ

തിരിച്ചയച്ചിരിക്കുകയാണ്. പ്രസ്തുത ബില്ലിന്റെ വിഷയം പാർലമെന്റ് പാസ്സാക്കിയ 2010-ലെ ദേശീയ ഗ്രീൻ ട്രിബ്യൂണൽ ആക്റ്റിന്റെ പരിധിയിൽ വരുന്നതാകയാൽ കേരള നിയമസഭയ്ക്ക് പ്രസ്തുത ബിൽ പുനരവതരിപ്പിക്കാൻ കഴിയില്ലെന്നാണ് നിയമോപദേശം ലഭിച്ചിട്ടുള്ളത്. 2005 ഒക്ടോബർ 18-ന് ശേഷമുള്ള കാര്യങ്ങൾക്ക് മാത്രമേ ദേശീയ ഗ്രീൻ ട്രിബ്യൂണൽ മുമ്പാകെ നഷ്ടപരിഹാരത്തിനുവേണ്ടി കേസ് ഫയൽ ചെയ്യാൻ കഴിയുകയുള്ളൂ. കൊക്കകോള കമ്പനി പ്രസ്തുത തീയതിക്കുമുമ്പ് സ്ഥാപിച്ചിട്ടുള്ളതിനാൽ ഗ്രീൻ ട്രിബ്യൂണൽ വഴിയല്ലാതെ നഷ്ടപരിഹാരം നേടിയെടുക്കാൻ കേസ് ഫയൽ ചെയ്യുന്നതടക്കമുള്ള നിയമനടപടികൾ നിയമ വിദഗ്ദ്ധരുമായി ആലോചിച്ച് സ്വീകരിക്കുന്നതാണ്. പ്ലാച്ചിമടയിൽ സമരം ചെയ്യുന്നവരുടെ യോഗം വിളിച്ചുചേർക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

(4) <u>വിമാനത്താവള വികസനം</u>

<u>ശ്രീ. ഒ. രാജഗോപാൽ:</u> തിരുവനന്തപുരം രാജ്യാന്തര വിമാനത്താവള വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടുന്നതിനും സ്ഥലമുടമകൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും

നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി പേട്ട, മുട്ടത്തറ വില്ലേജുകളിലെ 18.53 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതുമായി ബന്ധപ്പെട്ട് എയർപോർട്ട്-റവന്യൂ ജീവനക്കാർ സംയുക്ത പരിശോധന നടത്തി സർവ്വേ ജോലികൾ ആരംഭിച്ചെങ്കിലും തദ്ദേശവാസികളുടെ എതിർപ്പുമൂലം പൂർത്തിയാക്കാൻ സാധിച്ചില്ല. 15-04-2017-ന് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമ്മതപത്രം നൽകിയ ഭൂവുടമകളുമായി ചർച്ച നടത്തിയെങ്കിലും സാമൂഹികാഘാത പഠന റിപ്പോർട്ട്, പുനരധിവാസ പാക്കേജ്, ഭൂമിയുടെ വില എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തിയാൽ മാത്രമേ സ്ഥലമേറ്റെടുക്കാൻ അനുവദിക്കുകയുള്ളൂവെന്നാണ് ഭൂവുടമകൾ അറിയിച്ചിട്ടുള്ളത്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

### (5) CRZ പരിധിയിൽനിന്ന് ഒഴിവാക്കൽ

ശ്രീ. വി. ആർ. സുനിൽ കുമാർ: കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ വലിയപണിക്കൻ തുരുത്തിനെ CRZ പരിധിയിൽ നിന്നും ഒഴിവാക്കാനും അവിടെ താമസിക്കുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള അനുവാദം

ലഭ്യമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കൊടുങ്ങല്ലൂർ നഗരസഭാ പരിധിയിലെ വലിയപണിക്കൻ തുരുത്തിൽ 550-ൽപ്പരം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. CRZ ക്ലിയറൻസിനുള്ള നടപടിക്രമങ്ങൾ പാലിക്കുമ്പോൾ അവിടെ തുച്ഛമായ സ്ഥലം മാത്രമേ ഗൃഹനിർമ്മാണത്തിന് അനുയോജ്യമാകു എന്നതിനാൽ എല്ലാവർക്കും ഗൃഹനിർമ്മാണത്തിന് അനുമതി നൽകാൻ കഴിയില്ല. കേരളത്തിലെ ഏതെങ്കിലും തീരദേശ മേഖലയെയോ തുരുത്തുകളെയോ CRZ പരിധിയിൽനിന്നും ഒഴിവാക്കണമെങ്കിൽ സംസ്ഥാന സർക്കാർ ഇക്കാര്യം ശിപാർശ ചെയ്ത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം വാങ്ങേണ്ടതുണ്ട്.

(6) സാംസ്കാരിക സമുച്ചയം

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: കേരളത്തിലെ സാമൂഹ്യ-രാഷ്ട്രീയ- കലാ-സാംസ്കാരിക രംഗങ്ങളിൽ നിസ്തുലമായ സംഭാവനകൾ നൽകിയവരും മൺമറഞ്ഞുപോയവരുമായ മഹത് വ്യക്തികളുടെ സ്മരണ നിലനിർത്തുന്നതിന് അവരുടെ പേരിൽ ചെങ്ങന്നൂരിൽ ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): മൺമറഞ്ഞുപോയ പ്രഥമ കേരള നിയമസഭാ സ്പീക്കർ ആർ. ശങ്കരനാരായണൻ തമ്പി, രാജ്യസഭാംഗം പി. കെ. കുഞ്ഞച്ചൻ, ഭക്ഷ്യ വകുപ്പുമന്ത്രി കെ. സി. ജോർജ്, കായിക പ്രതിഭ ജോർജ് ജോസഫ്, പത്രപ്രവർത്തകൻ പോത്തൻ ജോസഫ്, വേദപണ്ഡിതൻ ആചാര്യ നരേന്ദ്രഭൂഷൺ, കഥകളി ആചാര്യൻ ഗുരു ചെങ്ങന്നൂർ രാമൻ പിള്ള, കഥകളി നടൻ മങ്കൊമ്പ് ശിവശങ്കരപ്പിള്ള തുടങ്ങിയ മഹത് വ്യക്തികളുടെ സ്മരണ നിലനിർത്തണമെന്നത് ആവശ്യമാണ്. സർക്കാർ നവോത്ഥാന നായകന്മാരുടെ പേരിൽ ഓരോ ജില്ലയിലും 40 കോടി രൂപ ചെലവിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. 7 ജില്ലകളിൽ സ്ഥലം ലഭ്യമാകുകയും മറ്റ് ജില്ലകളിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് പ്രവർത്തനരഹിതമായ ആസ്പിൻവാൾ ഹൗസ് സാംസ്കാരിക വകുപ്പിന് ലഭ്യമാക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ സാംസ്കാരിക സമുച്ചയത്തിൽ നാടകശാല, സിനിമാ തീയേറ്റർ, സംഗീതശാല, ഗ്യാലറി, പുസ്തക കടകൾ, ചർച്ചകൾക്കും

സെമിനാറുകൾക്കുമുള്ള ഹാൾ, ശില്പികൾക്കും കരകൗശല വിദ്യക്കാർക്കുമുള്ള പണിശാലകൾ, നാടക റിഹേഴ്സൽ സൗകര്യം, കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും ഹ്രസ്വകാല താമസ സൗകര്യം എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചെങ്ങന്നൂരിൽ സ്ഥാപിക്കാൻ ആവശ്യപ്പെട്ടിരിക്കുന്ന സാംസ്കാരിക സമുച്ചയത്തിനായുള്ള പ്രൊപ്പോസലുകളൊന്നും നിലവിലില്ല. വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അനുകൂല നടപടികൾ സ്വീകരിക്കുന്നതാണ്.

(7) <u>പട്ടയ വിതരണം</u>

<u>ശ്രീ. ആന്റണി ജോൺ:</u> കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ, ചീരൻപാറ, നേര്യമംഗലം വില്ലേജുകളിലായി 1500-ൽപ്പരം കർഷകർക്ക് റീസർവ്വേ അടിസ്ഥാനമാക്കി പട്ടയം നൽകാനും 2003 വരെ നിലവിലുണ്ടായിരുന്ന റവന്യൂ ഓഫീസ് അടിയന്തരമായി പുനഃസ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ):</u> കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ, നേര്യമംഗലം, ചീരൻപാറ വില്ലേജുകളിൽ റവന്യൂ ഭൂമി കൈവശം വച്ച് കൃഷി ചെയ്തുവരുന്ന പട്ടികജാതി/ പട്ടികവർഗ്ഗക്കാരുൾപ്പെടെയുള്ളവർക്കും വനാവകാശരേഖ നൽകിയവർക്കും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

നിർത്തലാക്കിയ സ്പെഷ്യൽ തഹസിൽദാർ ഓഫീസ് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർ പ്രാഥമിക പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.

(8) ഡെങ്കിപ്പനി

ശ്രീ. പി. സി. ജോർജ്: പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പടർന്നുപിടിക്കുന്ന ഡെങ്കിപ്പനി പ്രതിരോധിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഈരാറ്റുപേട്ട നഗരസഭയിൽപ്പെട്ട പത്താഴിപ്പടി ഭാഗത്ത് 10, 11, 12 വാർഡുകളിൽ 6 ഡെങ്കിപ്പനി കേസുകൾ സ്ഥിരീകരിക്കുകയും 6 എണ്ണം സംശയിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ പ്രദേശത്ത് ഫോഗിംഗ്, കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ, സ്പ്രേയിംഗ്, പനി സർവ്വേ തുടങ്ങിയ പ്രവർത്തനങ്ങൾ ജില്ലാ ആരോഗ്യ വകുപ്പിന്റെയും പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ നടന്നുവരുന്നു. ഇതോടനുബന്ധിച്ച് പത്താഴിപ്പടി അങ്കണവാടിയിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും ഈരാറ്റുപേട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒ.പി. സമയം നീട്ടുകയും ചെയ്തിട്ടുണ്ട്. അതാത് പ്രദേശത്തെ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു. 80 പേരെ ഈരാറ്റുപേട്ടയിലെ

സ്വകാര്യ ആശുപത്രിയിൽ പ്രവേശിച്ചിട്ടുള്ളത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. ഇതുസംബന്ധിച്ച റിപ്പോർട്ട് എത്തിക്കാൻ സ്വകാര്യ ആശുപത്രി അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഒരുപരിധിവരെ ഡെങ്കിപ്പനി നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഇത്രയും കേസുകൾ വരാനുണ്ടായ കാരണം അന്വേഷിക്കാൻ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും സ്വകാര്യ ആശുപത്രിയുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. മഴക്കെടുതികൾമൂലം ഡെങ്കിപ്പനി പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വീഡിയോ കോൺഫറൻസ് നടത്തുകയും ജില്ലാ കളക്ടർമാരോടും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരോടും ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(9) ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി

ശ്രീ. എം. വിൻസെന്റ് : കോവളത്തെ മോഡൽ ടൂറിസം ഡെസ്റ്റിനേഷനാക്കുന്നതിനും ചൊവ്വര, പൂവാർ, വെള്ളായണി തുടങ്ങിയ സമീപപ്രദേശങ്ങളുടെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ഭൗതിക സാഹചര്യവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനും കോവളം ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ഭൗതിക സാഹചര്യവും അടിസ്ഥാനസൗകര്യവും ഏർപ്പെടുത്തി കോവളത്തെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനുള്ള ശ്രദ്ധയും പ്രാധാന്യവും സർക്കാർ നൽകിവരുന്നുണ്ട്. ഓരോ ടൂറിസ്റ്റ് കേന്ദ്രത്തിന്റെയും പ്രാധാന്യമനുസരിച്ച് വേണ്ട സൗകര്യവും പരിരക്ഷയും ഏർപ്പെടുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ എന്നിവയ്ക്കുപുറമേ ഗ്രീൻ കാർപ്പെറ്റ് പദ്ധതി പ്രകാരം പ്രത്യേകം ഡെസ്റ്റിനേഷൻ മാനേജർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കോവളത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് നിയമസഭാ സമ്മേളനം കഴിഞ്ഞാലുടൻ ഒരു യോഗം വിളിച്ചുചേർക്കാനും സ്ഥലം എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കാനും ഉദ്ദേശിക്കുന്നുണ്ട്. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തുകയും ഒന്നേകാൽ കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

## (10) സ്പോട്ട് അഡ്മിഷൻ

ശ്രീ. സി. കെ. ശശീന്ദ്രൻ: വയനാട് ജില്ലയിലെ അരിവാൾ രോഗികളായ വിദ്യാർത്ഥികൾക്കും ആദിവാസി വിദ്യാർത്ഥികൾക്കും പ്ലസ് വൺ പ്രവേശനത്തിന് വീടിനടുത്തുള്ള സ്കൂളുകളിൽ സ്പോട്ട് അഡ്മിഷൻ അനുവദിക്കുന്നതിന് നടപടി

സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സംസ്ഥാനത്തെ ഹയർ സെക്കണ്ടറി പ്രവേശനം ഏകജാലക സംവിധാനത്തിലൂടെയാണ് നടപ്പിലാക്കിവരുന്നത്. വയനാട് ജില്ലയിലെ അരിവാൾ രോഗികളായ വിദ്യാർത്ഥികളെയും ആദിവാസി വിദ്യാർത്ഥികളെയും ഏകജാലക പ്രവേശന സംവിധാനത്തിൽനിന്ന് ഒഴിവാക്കി ഇവർക്കുമാത്രമായി സ്പോട്ട് അഡ്മിഷൻ നടത്താൻ കഴിയില്ല. അലോട്ട്മെന്റിൽ സൗകര്യപ്രദമായ സ്കൂളും കോമ്പിനേഷനും ലഭിക്കുന്നില്ലെങ്കിൽമാത്രം ഏകജാലക പ്രവേശന പ്രക്രിയ പൂർത്തിയാക്കിയശേഷം സർക്കാരിനെ സമീപിച്ചാൽ അവർക്ക് ആവശ്യപ്പെടുന്ന സ്കൂളിലും കോമ്പിനേഷനിലും സർക്കാരിൽനിന്ന് പ്രത്യേക ഉത്തരവിലൂടെ പ്രവേശനം ഉറപ്പുവരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

### (11) ഇലന്തൂർ ബി.എഡ്. കോളേജിലെ അഡ്മിഷൻ

ശ്രീമതി വീണാ ജോർജ്ജ്: മഹാത്മാഗാന്ധി സർവ്വകലാശാല നേരിട്ടുനടത്തുന്ന സ്വാശ്രയ കോളേജുകൾ ഒരു സൊസൈറ്റിക്ക് കീഴിലാക്കാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ആറന്മുള ഇലന്തൂർ ബി.എഡ്. കോളേജ്, ചുട്ടിപ്പാറ അപ്ലൈഡ് സയൻസ് കോളേജ് എന്നിവിടങ്ങളിലെ പ്രവേശനം സംബന്ധിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): മഹാത്മാഗാന്ധി സർവ്വകലാശാല നേരിട്ട് നടത്തിവരുന്ന ഇലന്തൂർ ബി.എഡ്. കോളേജ് ഉൾപ്പെടെയുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ 2017-18 അദ്ധ്യയന വർഷം മുതൽ നേരിട്ട് പ്രവേശനം നടത്തേണ്ടതില്ലെന്ന് സിൻഡിക്കേറ്റ് തീരുമാനിക്കുകയും ഒരു സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നതിന് ധാരണയാകുകയും 06.04.2017-ലെ സർക്കാർ ഉത്തരവ് പ്രകാരം മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസ് ആന്റ് റെഗുലേഷൻസും പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട സൊസൈറ്റി പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് വിദ്യാർത്ഥി പ്രവേശനം ഉൾപ്പെടെയുള്ള എല്ലാ വിഷയങ്ങളിലെയും ആശങ്കകൾ പരിഹരിക്കപ്പെടുന്നതാണ്.

## V റിപ്പോർട്ട് സമർപ്പണം

2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം

" 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ" പിൻവലിക്കുന്നത് സംബന്ധിച്ച പ്രമേയം

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): " ഒരു ബിൽ പിൻവലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

ക്രമപ്പെടുത്തുന്ന കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94 (ബി) പ്രകാരം 2017 മാർച്ച് മാസം 22-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണർ തിരിച്ചയച്ച 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പിൻവലിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു."

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

## VII ക്രമപ്രശ്നം

2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പിൻവലിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: ബിൽ റീകൺസിഡർ ചെയ്യണമെന്ന രാഷ്ട്രപതിയുടെ സന്ദേശത്തിനനുസൃതമായി ഗവർണ്ണർ ഭരണഘടനയുടെ 201-ാം അനുച്ഛേദപ്രകാരമുള്ള സന്ദേശത്തിൽ 'വിത്ഡ്രോ' ചെയ്യാനാണ് പറഞ്ഞിരിക്കുന്നത്. ആർട്ടിക്കിൾ 201-ഉം ചട്ടം 100-ഉം അനുശാസിക്കുന്നതനുസരിച്ച് ബിൽ റീ-കൺസിഡർ ചെയ്യുകയാണെങ്കിൽ ഈ പ്രമേയം പാസ്സാക്കാൻ പാടില്ല. ഭേദഗതിയോടുകൂടി പ്രസിഡന്റിന് തിരിച്ചയയ്ക്കുകയാണ് വേണ്ടത്. സഭയിൽ ആർട്ടിക്കിൾ 201 പ്രകാരം വന്നിട്ടുള്ള പല ബില്ലുകളും ചട്ടം 100 പ്രകാരം കണക്കാക്കുകയും അത് ഭേദഗതിയോടുകൂടി തിരിച്ചയയ്ക്കുകയുമാണുണ്ടായിട്ടുള്ളത്. 'വിത്ഡ്രോ' ചെയ്യലും 'റീകൺസിഡർ' എന്നതും രണ്ടാണ്. ആയതിനാൽ ഈ പ്രമേയം പിൻവലിച്ച് ബിൽ പുനഃപരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ഹൈബി ഈഡൻ: സഭയുടെ പ്രത്യേക പ്രിവിലേജ് അനുസരിച്ചാണ് 2014-ൽ കേരള മാരിടൈം ബോർഡ് ബിൽ പാസ്സാക്കിയത്. ഇപ്പോൾ ചട്ടം 94(B) പ്രകാരമാണ് പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. ഇതിൽ സാങ്കേതികമായിട്ടുള്ള പിഴവാണ് വന്നിട്ടുള്ളത്. 12 വകുപ്പുകൾ റീകൺസിഡർ ചെയ്യണമെന്നാണ് പ്രസിഡന്റ് പറഞ്ഞിരിക്കുന്നത്. ആയതിനാൽ ബിൽ പുനഃപരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ 17.11.2014-ന് കേരള നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിന് അയച്ചുവെങ്കിലും കേന്ദ്ര ആക്ടിലെ ചില വ്യവസ്ഥകൾക്ക് എതിരായതുകൊണ്ട് അംഗീകാരം ലഭിക്കാത്തതിനെത്തുടർന്ന് കേരള ഗവർണ്ണർ ബിൽ 'വിത്ഡ്രാ' ചെയ്യണമെന്ന് സർക്കാരിനെ അറിയിച്ചു. ബിൽ റീകൺസിഡർ ചെയ്യണമെങ്കിൽ നിലവിലുള്ള ബിൽ പിൻവലിക്കണം. അതുകൊണ്ടാണ് ഗവർണ്ണർ 'വിത്ഡ്രാ' എന്ന വാക്ക് ഉപയോഗിച്ചത്. 'റീകൺസിഡർ' എന്നുപറയുന്നതും 'വിത്ഡ്രാ' എന്നുപറയുന്നതും സമാനമാണ്. ക്രമപ്രശ്നത്തിൽ ചട്ടം 100 പ്രകാരമുള്ള പ്രമേയം അവതരിപ്പിക്കണമെന്നാണ് ശ്രീ. എം. ഉമ്മർ ആവശ്യപ്പെട്ടത്. പഴയ നിയമം ഭേദഗതിയോടുകൂടി

അവതരിപ്പിക്കുകയാണെങ്കിൽ മാത്രമേ ഈ നടപടിക്രമം പാലിക്കേണ്ടതുള്ളൂ. ഇവിടെ ഒരു പുതിയ നിയമം അവതരിപ്പിക്കുകയാണ്. അതുകൊണ്ട് റൂൾ 100 പ്രകാരമുള്ള നടപടികൾ പിൻവലിക്കേണ്ടതില്ല. ഇനി ഒരു പുതിയ ബിൽ ആയിട്ടാണ് സഭയിൽ വരുന്നത്. ശ്രീ. ഹൈബി ഈഡൻ ഉന്നയിച്ച പ്രശ്നത്തിൽ ചട്ടം 94(C)പ്രകാരം ബിൽ പിൻവലിക്കണമെന്ന പ്രമേയമാണ് അവതരിപ്പിക്കേണ്ടത് എന്നാണ് പറഞ്ഞത്. അംഗീകാരം ലഭിക്കാത്ത ബില്ലിനു പകരം അതിലെ വ്യവസ്ഥകൾക്ക് സാരമായ മാറ്റം വരുത്തുന്ന ഒരു പുതിയ ബിൽ പിന്നീട് കൊണ്ടുവരുന്നതിന് 94(B) പ്രകാരമാണ് ബിൽ അവതരിപ്പിക്കേണ്ടത്. പഴയ ബിൽ അതേപോലെ വീണ്ടും അവതരിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പിൻവലിക്കണമെന്ന പ്രമേയം പരിഗണനയ്ക്ക് എടുക്കുന്ന സന്ദർഭമായതിനാലും അംഗങ്ങൾ ക്രമപ്രശ്നത്തിലൂടെയും തടസ്സവാദങ്ങളിലൂടെയും ചില കാര്യങ്ങൾ ഉന്നയിക്കപ്പെട്ടിരിക്കുന്നതിനാലും ഇതുസംബന്ധിച്ച് ഗവൺമെന്റ് നിലപാട് വ്യക്തമാക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിലും ഭാവിയിൽ ഇതുപോലുള്ള സന്ദർഭങ്ങൾ സംജാതമാകുമ്പോൾ ഇതൊരു കീഴ്വഴക്കമായി

പരിഗണിക്കപ്പെടാനിടയുള്ളതിനാലും ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ടെന്ന് ചെയർ കരുതുന്നു. 17.12.2014-ന് ഈ സഭ പാസ്സാക്കി ഗവർണ്ണറുടെ അസന്റിനായി അയച്ച ബിൽ ഭരണഘടനയുടെ 200-ാം അനുച്ഛേദ പ്രകാരം ഗവർണ്ണർ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി 'റിസർവ് ' ചെയ്യുകയാണുണ്ടായത്. ബില്ലിലെ ഏതാനും ചില വകുപ്പുകൾ നിലവിലുള്ള കേന്ദ്ര നിയമങ്ങൾക്ക് വിരുദ്ധമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അവ ഏതൊക്കെയാണെന്നും ഏതു തരത്തിൽ പരിഗണിക്കണമെന്ന് വിശദമാക്കിക്കൊണ്ടും ബിൽ പുനഃപരിശോധനയ്ക്കായി തിരിച്ചയയ്ക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും രാഷ്ട്രപതി ബിൽ ഗവർണ്ണർക്ക് അയച്ചുകൊടുക്കുകയാണുണ്ടായത്. എന്നാൽ തന്റെ സന്ദേശത്തിലൂടെ ഗവർണ്ണർ ബിൽ സഭയിലേയ്ക്ക് തിരിച്ചയച്ചപ്പോൾ 'റീ കൺസിഡറേഷൻ' എന്ന് രാഷ്ട്രപതി പരാമർശിച്ച പദത്തിനുപകരം ആർട്ടിക്കിൾ 200-ലോ 201-ലോ ഇല്ലാത്ത 'വിത്ഡ്രോവൽ' എന്ന പദമാണ് ഉപയോഗിച്ചത്. ഇത് ക്രമപ്രകാരമാണോയെന്ന് 11.05.2017-ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചപ്പോൾ 'വിത്ഡ്രോവൽ' എന്നാൽ 'റീ കൺസിഡറേഷൻ ' എന്നും വ്യാഖ്യാനിക്കാം എന്ന നിലയിൽ നിയമോപദേശം ലഭിച്ചതായി നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വിശദീകരിച്ചിരുന്നു. ഇതുസംബന്ധിച്ച ഭരണഘടനാ വ്യവസ്ഥകൾ, നിയമസഭാ നടപടി ചട്ടം, കീഴ്വഴക്കങ്ങൾ എന്നിവ ചെയർ വിശദമായി പരിശോധിച്ചു.

31.03.2010-ന് സഭ പാസ്സാക്കിയ 2009-ലെ കേരള രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ പുനഃപരിശോധിക്കണമെന്ന രാഷ്ട്രപതിയുടെ നിർദ്ദേശം അപ്രകാരം തന്നെ ഗവർണ്ണർ സഭയെ അറിയിക്കുകയും സഭ 13.12.2012-ൽ രാഷ്ട്രപതി നിർദ്ദേശിച്ച ഭേദഗതികളോടെ പ്രസ്തുത ബിൽ വീണ്ടും പാസ്സാക്കുകയും ചെയ്തു. എന്നാൽ പത്താം കേരള നിയമസഭയുടെ കാലയളവിൽ 8.4.1999-ന് സഭ പാസ്സാക്കിയ 1999-ലെ The Kerala Grants and Leases (Modification of Right) Amendment Bill, റീകൺസിഡർ ചെയ്യുന്നതിനുവേണ്ടി രാഷ്ട്രപതി തിരിച്ചയച്ചെങ്കിലും ബിൽ പിൻവലിക്കണമെന്ന (withdrawal) ശിപാർശയോടെയാണ് ഗവർണ്ണർ തിരിച്ചയച്ചത്. പ്രസ്തുത ബിൽ 2013 ഫെബ്രുവരി മാസം 12-ാം തീയതി സഭ പിൻവലിച്ചു. ഇപ്രകാരം നമ്മുടെ സഭയിലെ കീഴ്വഴക്കം രണ്ടുവിധത്തിലും ഉണ്ടായിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും രാഷ്ട്രപതി 'റീകൺസിഡർ 'എന്ന് ശിപാർശ ചെയ്ത സാഹചര്യത്തിൽ ഗവർണ്ണർ 'വിത്ഡ്രോവൽ ' എന്ന് ശിപാർശ ചെയ്യുമ്പോൾ ആ ബില്ലിന്മേലുള്ള സഭയുടെ ഭരണഘടനാദത്തമായ അവകാശം ബിൽ പിൻവലിക്കുക എന്ന ഒറ്റ നടപടിയിലേയ്ക്ക് പരിമിതപ്പെട്ടുപോകുമെന്ന സാഹചര്യം സംജാതമാവുകയാണ്. അതുകൊണ്ട് ഇത് ഭരണഘടനാപരമാണോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. എന്നാൽ ഈ ബില്ലിന്റെ കാര്യത്തിൽ ബിൽ പിൻവലിക്കാൻ സർക്കാർ തീരുമാനമെടുത്ത സാഹചര്യത്തിൽ ബിൽ രാഷ്ട്രപതി

നിർദ്ദേശിച്ച ഭേദഗതികളോടെയോ അല്ലാതെയോ വീണ്ടും പാസ്സാക്കാനുള്ള ഭരണഘടനാദത്തമായ അവകാശം നിഷേധിക്കപ്പെട്ടിട്ടില്ല എന്ന് ആശ്വസിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ, കീഴ്‌വഴക്കത്തിന്റെ മാത്രം പിൻബലത്തിൽ ഭരണഘടനയിലേയോ നടപടിചട്ടങ്ങളിലേയോ വ്യവസ്ഥകളിൽനിന്നും ബോധപൂർവ്വമോ അല്ലാതെയോ ഉള്ള വ്യതിചലനങ്ങൾ ഉണ്ടാകാതിരിക്കാനും സഭയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഇക്കാര്യത്തിൽ ഒരു വ്യക്തത ഉണ്ടാകേണ്ടത് അനിവാര്യമായതിനാൽ ആർട്ടിക്കിൾ 200, 201 പ്രകാരം തിരിച്ചയയ്ക്കപ്പെടുന്ന ബില്ലുകളുടെ കാര്യത്തിലുള്ള നടപടിക്രമം ഇപ്രകാരമായിരിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു. "ഭരണഘടനയിലെ ആർട്ടിക്കിൾ 200, 201 എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ളതുപ്രകാരം ഗവർണ്ണർ സ്വമേധയായോ രാഷ്ട്രപതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലോ റീകൺസിഡറേഷനായി ഒരു ബിൽ തിരിച്ചയയ്ക്കുന്ന സാഹചര്യത്തിൽ ('വിത്ഡ്രോവൽ' അല്ല 'റീകൺസിഡറേഷൻ' എന്നുതന്നെയാണ് ഭരണഘടനയിൽ വ്യക്തമായി പരാമർശിച്ചിരിക്കുന്നത്). നമ്മുടെ നടപടിച്ചട്ടം 100 പ്രകാരം പുനഃപരിശോധനയ്ക്കായുള്ള നോട്ടീസ് നൽകേണ്ടതും അതിനുശേഷം പുനഃപരിശോധന സംബന്ധിച്ച 101 മുതൽ 106 വരെയുള്ള നിയമസഭാ നടപടിച്ചട്ടങ്ങൾ പ്രകാരമുള്ള നടപടികളിലേയ്ക്ക് കടക്കേണ്ടതുമാണ്. എന്നാൽ,

പുനഃപരിശോധന അല്ല പിൻവലിക്കലാണ് ഉദ്ദേശിക്കുന്നതെങ്കിൽ എല്ലാ ബില്ലുകളുടേയും കാര്യത്തിൽ ബാധകമായിട്ടുള്ള ചട്ടം 94, 95 എന്നിവ പ്രകാരം ബിൽ പിൻവലിക്കൽ നടപടികളിലേയ്ക്ക് കടക്കുന്നതായിരിക്കണം ഇക്കാര്യത്തിൽ ഇനിമേലുള്ള നടപടിക്രമം എന്ന് ചെയർ റൂൾ ചെയ്യുന്നു."

പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പിൻവലിക്കുകയും ചെയ്തു.

## VIII ധനകാര്യം

### 2017-2018 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും (1136,75,97,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം (706,47,95,000 രൂപ)

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം (589,08,53,000 രൂപ)

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി

(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. സി. കൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനവുംമൂലം പ്രതിസന്ധിയിലായ മത്സ്യത്തൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി ധാരാളം പദ്ധതികൾ ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യക്ഷേമ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകുകയും സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ തുക വർദ്ധിപ്പിക്കുകയും ചെയ്ത നടപടി സ്വാഗതാർഹമാണ്. ഇൻഷ്വറൻസ് തുകയും മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിനുള്ള ധനസഹായവും വർദ്ധിപ്പിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. മത്സ്യകൃഷി

പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഗുണമേന്മയുള്ള മത്സ്യ വിത്തും തീറ്റയും കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. സമുദ്രപഠനത്തിനും വിജ്ഞാനവിതരണത്തിനുമായി കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന CUFOS-ന് കൊല്ലത്തും പയ്യന്നൂരും 2 ഉപകേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനും കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുംവേണ്ടി ചെറുകിട ജലസേചന പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ഹൈബി ഈഡൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാര്യക്ഷമതയില്ലാത്ത ഒരു വകുപ്പായി കേരള വാട്ടർ അതോറിറ്റി മാറിയിരിക്കുകയാണ്. പദ്ധതി ഇംപ്ലിമെന്റ് ചെയ്യുന്ന കാര്യത്തിൽ വൻവീഴ്ചയാണുണ്ടായിട്ടുള്ളത്. അന്തർസംസ്ഥാന നദീജല തർക്കങ്ങളിൽ കാര്യക്ഷമമായ ഇടപെടൽ നടത്താൻ ഗവൺമെന്റ് തയ്യാറാകണം. കേന്ദ്ര നയത്തിന്റെ ഭാഗമായി കേരളത്തിലെ മത്സ്യത്തൊഴിലാളികൾ വളരെ കഷ്ടതയനുഭവിക്കുകയാണ്. കടലിലുണ്ടായിട്ടുള്ള മാറ്റങ്ങളും ഉപ്പിന്റെ അംശം വർദ്ധിക്കുന്നതും ചൂട് കൂടുന്നതുമെല്ലാം മത്സ്യസമ്പത്ത് കുറയാൻ ഇടയാക്കിയിട്ടുണ്ട്. സമുദ്ര ഗവേഷണം നടത്തുന്നതിന് സി.എം.എഫ്.ആർ.ഐ. പോലുള്ള ഏജൻസികളെ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികളെ

സംരക്ഷിക്കാൻ മത്സ്യവറുതി പാക്കേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീമതി സി. കെ. ആശ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനോപകാരപ്രദമായ ഒട്ടേറെ പദ്ധതികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഹരിതകേരളം മിഷനിലൂടെ തടാകങ്ങളുടെയും നദീതടങ്ങളുടെയും കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും പുനരുജ്ജീവനമാണ് ലക്ഷ്യമിടുന്നത്. കൃത്യമായ ജല മാനേജ്മെന്റിലൂടെ ജലത്തിന്റെ അമൂല്യത ലോകത്തെ അറിയിക്കുന്ന ഒരു പുതിയ സംസ്കാരം വികസിപ്പിച്ചെടുക്കാനും കേരളത്തിലെ ജലസമൃദ്ധി നിലനിർത്താനും നടപടി സ്വീകരിക്കണം. ജലസേചന വകുപ്പിനെ അഴിമതിമുക്തമാക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളത് ഗവൺമെന്റിന്റെ നേട്ടമാണ്. തണ്ണീർമുക്കം ബണ്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരികയാണ്. കാലവർഷത്തിൽ ലഭിക്കുന്ന ജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്ക് ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശത്തോടെ തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം. മത്സ്യത്തൊഴിലാളികളുടെ തൊഴിലിനെ സംബന്ധിച്ചുള്ള ആശങ്കകൾ പരിഹരിക്കുന്നതിനുള്ള പഠനം നടത്തണം. പ്രവർത്തനക്ഷമമല്ലാത്ത ജലസേചന പദ്ധതികൾ പുനരുദ്ധരിക്കുന്നതിനും കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി

ആവശ്യമാണ്. വകുപ്പിന്റെ നേതൃത്വത്തിൽ മഴവെള്ളം സംഭരിക്കുന്നതിനുള്ള പദ്ധതികളും കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളും വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും നടത്തുന്നത് പ്രശംസനീയമാണ്. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന തീരദേശവാസികളെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനും തീരപ്രദേശങ്ങളിലെ സാക്ഷരതാ നിലവാരം ഉയർത്തുന്നതിനുമായി അക്ഷര സാഗരം പദ്ധതി പ്രവർത്തിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിൽ സമ്പൂർണ്ണ ഭവന പദ്ധതിക്കായി 62.98 കോടി രൂപയും കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി 75 കോടി രൂപയും മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾ പുനരുദ്ധരിക്കാൻ 22 കോടി രൂപയും നൽകിയ നടപടി ശ്ലാഘനീയമാണ്. സമ്പാദ്യ സമാശ്വാസ പദ്ധതി തുക 4500 രൂപയായി വർദ്ധിപ്പിച്ചതും ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ പൊതുമേഖലയിൽ ആദ്യത്തെ മത്സ്യതീര നിർമ്മാണശാഖ കൊല്ലം ആയിരംതെങ്ങിൽ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയതും സ്വാഗതാർഹമാണ്. തണ്ണീർമുക്കം ബണ്ട് നിർമ്മാണത്തിന്റെ ഫലമായുണ്ടായ പാരിസ്ഥിതിക അസന്തുലിതാവസ്ഥമൂലം അന്യംനിന്നുപോയ മത്സ്യസമ്പത്ത് പുനരുജ്ജീവിപ്പിക്കുന്നതിനും അതിലൂടെ മത്സ്യത്തൊഴിലാളികൾക്ക് തൊഴിലും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചതും

അഭിനന്ദനാർഹമാണ്.

<u>ശ്രീ. സി. മമ്മൂട്ടി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് കുടിവെള്ള പദ്ധതികൾക്കായി എ.എസ്. കൊടുത്തിട്ടുള്ള വർക്കുകൾ റീടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കണം. കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വകുപ്പുകളുടെ ഏകോപനമുണ്ടാക്കുന്നതിനും സാങ്കേതിക പ്രശ്നങ്ങളുടെ പേരിൽ വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മുൻഗണന നൽകുകയും വാട്ടർ അതോറിറ്റിക്ക് ഫണ്ട് നൽകിക്കൊണ്ട് കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുകയും പുതിയ പാലങ്ങളുടെ അടിയിൽ സ്ഥിരം തടയണകൾ നിർമ്മിച്ച് വെള്ളം പമ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം. മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സമുച്ചയം നിർമ്മിച്ച് നൽകുന്നതിനും പട്ടയം നൽകുന്നതിനും നടപടി സ്വീകരിക്കണം. മത്സ്യത്തിന് നല്ല വില ലഭിക്കുന്നതിനുവേണ്ടി കേരളത്തിലെ മാർക്കറ്റിൽ സംസ്കരിച്ച മത്സ്യം മൊത്തമായി വിറ്റഴിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൻകിട പദ്ധതികൾ ആവിഷ്കരിച്ച് കേരളത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കണം. വലിയ

ഡാമുകൾ നിർമ്മിച്ച് പുഴകളിലെ നീരൊഴുക്ക് നിലനിർത്തുന്നത് സംബന്ധിച്ച് ആലോചിക്കണം. കൊല്ലം, പത്തനംതിട്ട ജില്ലകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും പമ്പ-അച്ചൻകോവിൽ നദികളിലെ വെള്ളം നിലനിർത്തുന്നതിനുമായി ട്വിൻ കല്ലാർ പദ്ധതി അടിയന്തരമായി നടപ്പിലാക്കണം. പെരിയാർ നദിയുടെ ഉത്ഭവസ്ഥാനത്ത് ഡാം നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കണം. കണ്ണൂർ ജില്ലയിൽ പഴശ്ശി പദ്ധതിയുടെ മുകളിലായി ഡാം നിർമ്മിക്കുകയും കാസർഗോഡ് ജില്ലയിൽ വിഭാവനം ചെയ്ത മൂന്നാംകടവ്, പഴശ്ശിനി പദ്ധതികൾ നടപ്പിലാക്കുകയും വേണം. പാലക്കാട് ജില്ലയിൽ കുരിയാർകുറ്റി-കാരപ്പാറ പദ്ധതി നടപ്പിലാക്കി തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കണം. ബാണാസുരസാഗർ, പൂയംകുട്ടി പദ്ധതികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം. അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കർമ്മ സമിതി രൂപീകരിക്കുകയും കാവേരി സെൽ ശക്തിപ്പെടുത്തുകയും ചെയ്യണം. ശക്തമായ വരൾച്ച നേരിടുന്ന മഴനിഴൽ പ്രദേശങ്ങൾക്ക് പ്രത്യേക പദ്ധതി ആവിഷ്കരിക്കണം.

<u>ശ്രീ. കെ. വി. വിജയദാസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ കുടിവെള്ള പ്രശ്നം യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കാൻ സാധിച്ചു. ആസ്തി വികസന ഫണ്ടുപയോഗിച്ച് ഭരണാനുമതി ലഭിച്ച

പ്രവൃത്തികളും കിഫ്ബിയിലൂടെ അനുമതി നൽകിയ പദ്ധതികളും അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം. കടുത്ത ജലക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ കടൽവെള്ളം ശാസ്ത്രീയമായി ശുദ്ധീകരിച്ചുപയോഗിക്കുന്നതിന് പദ്ധതി തയ്യാറാക്കണം. കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനും കുടിവെള്ളപദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനും വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കണം. ഇഴഞ്ഞുനീങ്ങുന്ന വൻകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനും ലിഫ്റ്റ് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പദ്ധതികൾക്ക് ആവശ്യമായ തുക വകയിരുത്തുന്നതിനും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും ശിരുവാണി അണക്കെട്ടിൽ നിന്നുള്ള ജലചൂഷണം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം അർഹതപ്പെട്ട വെള്ളം തമിഴ്നാട്ടിൽ നിന്നും വാങ്ങിയെടുക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. പെപ്സിയടക്കമുള്ള വൻകിടകമ്പനികളുടെ അമിത ജലചൂഷണം നിയന്ത്രിക്കുന്നതിന് നടപടിയുണ്ടാകണം. സി.ആർ.ഇസഡ്. നിയമം പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും പാലക്കാട് ജില്ലയിലെ ഉൾനാടൻ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് ആരോഗ്യത്തിന് ഹാനികരമായ ആഫ്രിക്കൻ മുഷി

മത്സ്യയിനം നിരോധിക്കുന്നതിനും സർക്കാർ തയ്യാറാകണം. സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുകയും പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനും പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിനുമാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്യുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

ശ്രീ. സി. എഫ്. തോമസ്: സംസ്ഥാനം അതിരൂക്ഷമായ വരൾച്ചയെ അഭിമുഖീകരിക്കുകയും കടുത്ത കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ വരുംവർഷങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനാവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് എങ്ങനെ കണ്ടെത്തുമെന്ന് വാട്ടർ അതോറിറ്റി വ്യക്തമാക്കണം. കുടിവെള്ള പദ്ധതികൾക്ക് പരമാവധി കേന്ദ്ര സഹായം വാങ്ങിയെടുക്കുന്നതിനും വിദേശസഹായത്തോടെയുള്ള പുതിയ കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സർക്കാർ തയ്യാറാകണം. ജലസംഭരണിയുണ്ടാക്കുന്നതിനും കിണർ റീചാർജ് ചെയ്യുന്നതിനും സബ്സിഡി നൽകുന്ന കാര്യം സർക്കാർ പരിശോധിക്കണം. ഹരിതകേരളം മിഷനിലുൾപ്പെട്ട ജലസമൃദ്ധി പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ ജനപ്രതിനിധികളുമായി ചർച്ച നടത്തുന്നതിനും ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും നഷ്ടപ്പെട്ടുപോയ

മത്സ്യസമ്പത്ത് വീണ്ടെടുക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. കെ. ജെ. മാക്സി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനുള്ള ഗവൺമെന്റ് ഇടപെടലുകൾ പ്രശംസനീയമാണ്. നെയ്യാർഡാമിൽ നിന്ന് യുദ്ധകാലാടിസ്ഥാനത്തിൽ അരുവിക്കരയിൽ വെള്ളമെത്തിച്ചതും ശബരിമലയിൽ അയ്യപ്പഭക്തന്മാർക്ക് ഓരോ ദിവസവും ഏഴര ലക്ഷം ലിറ്റർ വെള്ളം സൗജന്യമായി ടാപ്പ് വഴി കൊടുക്കാൻ സാധിച്ചതും ശ്രദ്ധേയമാണ്. തീരദേശ മേഖലയിലുള്ള പുലിമുട്ട് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കണം. കടാശ്വാസ കമ്മീഷന്റെ ഒരു വർഷത്തെ കാലാവധി നീട്ടിക്കൊടുത്തത് ദുരിതപൂർണ്ണമായ ജീവിതം നയിച്ചുകൊണ്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന കാര്യമാണ്. ചെറുമത്സ്യങ്ങളെ തമിഴ്നാട്ടിൽ കൊണ്ടുപോയി വളമായി ഉപയോഗിക്കുന്നത് മത്സ്യമേഖലയ്ക്ക് വളരെയധികം ദോഷമുണ്ടാക്കുന്നതിനാൽ അവയെ സംരക്ഷിക്കുന്നതിനുള്ള നടപടിയുണ്ടാകണം. 5553 കോടി രൂപയുടെ പുനരധിവാസ പദ്ധതിയായ തീരദേശ ഹരിത ഇടനാഴി പദ്ധതിയിലൂടെ മത്സ്യ ഗ്രാമങ്ങളെയും തുറമുഖങ്ങളെയും ഫിഷ് ലാന്റിംഗ് സെന്ററുകളെയും ടൂറിസം കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കാൻ സാധിക്കും. ഈ പദ്ധതി മുഖേന പിന്നോക്കം നിൽക്കുന്ന മത്സ്യമേഖലയിൽ വൻമാറ്റങ്ങളാണ് സംഭവിക്കാൻ പോകുന്നത്. കായലിലെ എക്കൽ നീക്കി

ഉൾനാടൻ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കണം. മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ ധനസഹായം, അപകടത്തിൽപ്പെട്ട് മരിക്കുന്നവരുടെ കുടുംബത്തിനുള്ള ധനസഹായം, വാർദ്ധക്യകാല പെൻഷൻ എന്നിവ വർദ്ധിപ്പിച്ചത് പ്രശംസനീയമാണ്. മത്സ്യത്തൊഴിലാളി മേഖലയിൽ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ് : കുടിവെള്ളക്ഷാമമുണ്ടായപ്പോൾ തിരുവനന്തപുരത്ത് വെള്ളമെത്തിച്ചതുപോലെ കേരളത്തിലെ എല്ലാ ജില്ലകളിലും വെള്ളമെത്തിക്കാനുള്ള നടപടി സ്വീകരിക്കണം. മയക്കുമരുന്നുകളുടെ ലഭ്യത തടയാനാവശ്യമായ നടപടി സ്വീകരിക്കണം. റബ്ബർ ബോർഡിന്റെ 28 റീജിയണൽ ഓഫീസുകൾ 14 ആയി കുറയ്ക്കാനുള്ള തീരുമാനം റദ്ദാക്കാനാവശ്യമായ ഇടപെടലുണ്ടാകണം. റബ്ബർ, സ്പൈസസ്, കോഫി, റ്റുബാക്കോ ബോർഡുകൾ സംയോജിപ്പിച്ചുകൊണ്ട് പ്ലാന്റേഷൻ ഡെവലപ്മെന്റ് അതോറിറ്റി കർണ്ണാടകയിൽ സ്ഥാപിക്കാനുള്ള തീരുമാനത്തിനെതിരെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വ കക്ഷിസംഘം പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് നിവേദനം സമർപ്പിക്കുകയും കേരളത്തിലെ റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുകയും വേണം.

ശ്രീ. എം. നൗഷാദ് : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യമേഖലയിൽ

നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ ഇൻഡ്യയ്ക്കാകെ മാതൃകയാണ്. മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കിട്ടുന്ന തരത്തിലുള്ള ആനുകൂല്യങ്ങൾ ഉറപ്പാക്കുമെന്നുള്ള ഗവൺമെന്റിന്റെ നിലപാട് സ്വാഗതാർഹമാണ്. മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെല്ലാം പ്രശംസനീയമാണ്. ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീടുൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് 166 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചത് ഗവൺമെന്റിന് ഈ മേഖലയോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. അക്ഷര സാഗരം പദ്ധതിക്ക് തുടക്കമിട്ടതും 13 പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. മത്സ്യബന്ധന മേഖലയിലെ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാൻ ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തണം. കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണം. കൊല്ലം കോർപ്പറേഷനിലെ കുടിവെള്ള പദ്ധതികളുടെ സംരക്ഷണത്തിനായി 225 കോടി രൂപ നീക്കിവച്ചത് അഭിനന്ദനാർഹമാണ്. കുഴൽക്കിണറുകളുടെ ദുരുപയോഗം തടയുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും തീരദേശ

മേഖലയിലെ ആശുപത്രികളിൽ മരുന്നും സ്റ്റാഫുമുൾപ്പെടെയുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും പ്രത്യേക ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഭൂരഹിത-ഭവനരഹിത പദ്ധതിപ്രകാരം ഭൂമി വാങ്ങുന്നതിൽ ബൾക്ക് പർച്ചേസിംഗിനുമാത്രം ഡി.എൽ.പി.സി.-യെ ചുമതലപ്പെടുത്തുകയും ലോക്കൽ പർച്ചേസിംഗിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേതുപോലുള്ള ക്രമീകരണം ഒരുക്കുന്നതിനും കഴിയണം. മത്സ്യത്തൊഴിലാളികൾ ഭവനനിർമ്മാണത്തിനായുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾത്തന്നെ അവർക്ക് രസീത് നൽകുന്നതിനുള്ള സംവിധാനമേർപ്പെടുത്തണം. വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച 475 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കണം. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യത്തിന് മണ്ണെണ്ണ ലഭ്യമാക്കുന്നതിനും വെള്ള മണ്ണെണ്ണയ്ക്ക് സബ്സിഡി നൽകുന്നതിനും സുരക്ഷാ കിറ്റ് വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം. കോവളം നിയോജകമണ്ഡലത്തിലെ നാല് പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന കുമിളി പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിനും അതിയന്നൂർ-കോട്ടുകാൽ പ്രോജക്ട് പ്രാവർത്തികമാക്കുന്നതിനും ചൂഴാറ്റുകോട്ട പദ്ധതി നടപ്പാക്കുന്നതിലെ തടസ്സങ്ങൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഐ. ബി. സതീഷ്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

സംസ്ഥാനത്ത് രൂക്ഷമായ ജലക്ഷാമവും മഴയുടെ ലഭ്യതയിൽ വൻ കുറവും അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മാത്രമേ ഈ പ്രതിസന്ധി തരണം ചെയ്യാൻ സാധിക്കുകയുള്ളൂ. ജലത്തിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പാക്കുന്നതിനും കാച്ച്മെന്റ് ഏരിയയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനും ജലസംരക്ഷണ നയം ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം. കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിച്ചുകൊണ്ട് ജലനഷ്ടം ഒഴിവാക്കണം. അരുവിക്കര ഡാം പോലുള്ള കുടിവെള്ള സംഭരണികളിൽ സംഭരിക്കപ്പെടുന്നതും വിതരണം ചെയ്യപ്പെടുന്നതുമായ വെള്ളത്തിന്റെ അളവ് സംബന്ധിച്ച് ആഡിറ്റിംഗ് നടത്തണം. ജലമോഷണം തടയുന്നതിന് ആന്റി തെഫ്റ്റ് സംവിധാനം കർശനമാക്കണം. ജലസംരക്ഷണത്തിന്റെ ഭാഗമായി അക്കേഷ്യാ പോലുള്ള മരങ്ങൾ ഒഴിവാക്കുന്നതിനായി സർക്കാർ സ്വീകരിക്കുന്ന നടപടി സ്വാഗതാർഹമാണ്. തിരുവനന്തപുരം നഗരത്തിലുണ്ടായ ജലക്ഷാമം പരിഹരിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബാവിക്കര റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിനും കാസർഗോഡ് ജില്ലയിൽ കുടിവെള്ളം ലഭിക്കാത്ത

മാസങ്ങളിലെ വെള്ളക്കരം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. ചെർക്കള മുതൽ വിദ്യാനഗർ വരെ പൈപ്പ് മാറ്റുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിക്ക് നൽകാനുള്ള 15 ലക്ഷം രൂപ അനുവദിക്കണം. മത്സ്യസംഭരണത്തിന് ആവശ്യമായ സംവിധാനമുണ്ടാക്കുന്നതിനും അതിർത്തി കടന്നുള്ള മത്സ്യബന്ധനം, രാത്രികാല മത്സ്യബന്ധനം, മൺസൂൺകാല മത്സ്യബന്ധനം തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കടലാക്രമണങ്ങളിൽ വീട് നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും വള്ളം നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും കാസർഗോഡ് ഫിഷറീസ് ഹാർബർ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ജി. എസ്. ജയലാൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ മത്സ്യബന്ധന മേഖലയെ ശാക്തീകരിക്കാൻ നടപ്പാക്കുന്ന പദ്ധതികൾ അഭിനന്ദനാർഹമാണ്. മത്സ്യസമ്പത്തിന്റെ കുറവുമൂലം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത് പുതിയ പദ്ധതികൾ ആവിഷ്കരിക്കണം. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ദീർഘവീക്ഷണത്തോടെയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. പുതിയ കുടിവെള്ള പദ്ധതികൾക്ക് തുടക്കം കുറിക്കുന്നതിനും മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുമായി 1257 കോടി രൂപയുടെ മെഗാപദ്ധതി കൊണ്ടുവന്നത് ശ്ലാഘനീയമാണ്.

പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. ജലനിധി പദ്ധതി ഒന്നാംഘട്ടം പരാജയമാണെന്ന് വിലയിരുത്തിയ സാഹചര്യത്തിൽ പുതിയ പദ്ധതികൾ ജലനിധിയിൽ ഉൾപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കണം. ജല അവബോധം വളർത്തുന്നതിനും ജലമലിനീകരണം തടയുന്നതിനും നടപടികൾ സ്വീകരിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മലപ്പുറം ജില്ലയിൽ കിയോസ്കുകളിലൂടെയുള്ള ജലവിതരണം നാമമാത്രമായേ നടക്കുന്നുള്ളൂ. രൂക്ഷമായ വരൾച്ചയെയും കുടിവെള്ള ക്ഷാമത്തെയും ഫലപ്രദമായി നേരിടാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ജല ദുരുപയോഗം, പരിസ്ഥിതി ചൂഷണം, ജലസ്രോതസ്സുകളിലെ മാലിന്യനിക്ഷേപം തുടങ്ങിയവ തടയുന്നതിന് നിയമവും ബോധവത്കരണവും ആവശ്യമാണ്. ഭൂജല നിരപ്പ് ക്രമാതീതമായി താഴുന്നതിനാലും കുഴൽക്കിണറുകളിലെ വെള്ളം ഫ്ലൂറോസിസ് എന്ന രോഗത്തിന് കാരണമാകുന്നതിനാലും കുഴൽ കിണറുകൾ നിരോധിക്കണം. കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തണം. ഒരു കുടുംബത്തിന് ആവശ്യമായ വെള്ളത്തിന്റെ അളവ് നിജപ്പെടുത്തുകയും കൂടുതൽ ഉപയോഗിക്കുന്ന വെള്ളത്തിന് അധിക ചാർജ് ഈടാക്കുകയും ചെയ്യണം. എല്ലാ കെട്ടിടങ്ങൾക്കും വീടുകൾക്കും ജലസംഭരണിയുണ്ടെന്ന് ഉറപ്പുവരുത്തണം. നദികളിൽ മെക്കാനിക്കൽ

റെഗുലേറ്ററുകൾ സ്ഥാപിച്ച് തടയണകൾ നിർമ്മിക്കുന്നതിനും മഴവെള്ളം സംരക്ഷിക്കുന്നതിനും ജലചൂഷണം തടയുന്നതിനും നടപടി സ്വീകരിക്കണം. ചീക്കോട്, തിരുനാവായ ജലവിതരണ പദ്ധതികൾ പൂർത്തീകരിക്കണം. ഫിഷറീസ് കോളനികളിലെ ഇരട്ടവീടുകൾ ഒറ്റവീടുകളാക്കി മാറ്റി പട്ടയം നൽകണം.

ശ്രീ. എം. സ്വരാജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജല ആവശ്യകതയനുസരിച്ച് ജലലഭ്യതയില്ലെന്നുള്ളതാണ് കേരളം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. ജലസ്രോതസ്സുകൾ സംരക്ഷിച്ച് ശാസ്ത്രീയ ജലവിതരണ പദ്ധതികൾ ആവിഷ്കരിക്കാൻ സാധിച്ചതും ജലസേചന പദ്ധതികൾക്കായി 413 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതും നെയ്യാറിലെ ജലം അരുവിക്കരയിലെത്തിച്ച് തിരുവനന്തപുരം ജില്ലയിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കണ്ടതും അഭിനന്ദനാർഹമാണ്. ഭാവിയിലെ ജലദൗർലഭ്യം കണക്കിലെടുത്ത് കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ശാസ്ത്രീയ പദ്ധതികൾ ആവിഷ്കരിക്കണം. മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ സമാശ്വാസ പദ്ധതി പെൻഷൻ 4500 രൂപയായി വർദ്ധിപ്പിച്ചതും വിവിധതരം സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയതും കരിയർ ഗൈഡൻസ് ക്ലാസ്സുകൾ സംഘടിപ്പിച്ചതും ഭവന പദ്ധതികൾക്ക് തുടക്കം കുറിച്ചതും ഏറെ പ്രശംസനീയമാണ്. എല്ലാ മേഖലയിലും പുരോഗതിയും പ്രതീക്ഷയും കൈവരിച്ച് ധീരമായ

നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച് വീടുകളിലെത്തിക്കാൻ സർക്കാരിന് സാധിച്ചു. അദ്ധ്യയന വർഷം തുടങ്ങുന്നതിനുമുമ്പ് പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിച്ചുകൊടുക്കാനുള്ള നടപടിയും സമ്പൂർണ്ണ വൈദ്യുതീകരണവും ശ്രദ്ധേയമായ നേട്ടങ്ങളാണ്. കേരള ഗവൺമെന്റ് നടപ്പാക്കുന്ന ജനക്ഷേമകരമായ പ്രവർത്തനങ്ങൾ ലോകശ്രദ്ധ പിടിച്ചു പറ്റുന്ന അവസരത്തിൽ ഗവൺമെന്റിനെതിരെ നുണ പ്രചരണം നടത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ചിറ്റൂർപ്പുഴയിൽ തടയണ നിർമ്മിച്ച് പാലക്കാട് ജില്ലയിൽ ജലലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണം. ജൂൺ മാസം കാവേരി ട്രിബ്യൂണലിൽ റിവ്യൂ പെറ്റീഷൻ പരിഗണനയ്ക്ക് വരുന്ന സന്ദർഭത്തിൽ കാവേരി സെൽ പിരിച്ച് വിടാനുള്ള നടപടി പുനഃപരിശോധിക്കണം. കാവേരി ട്രിബ്യൂണൽ മുഖേന കേരളത്തിനനുവദിച്ച ജലം പൂർണ്ണമായും ഉപയോഗിക്കാൻ കഴിയണം. കിയോസ്കുകൾ, കുഴൽക്കിണർ, കൃത്രിമ മഴ, കിണർ റീ-ചാർജ്ജ് പദ്ധതി എന്നിവ മുഖേന ജലക്ഷാമം പരിഹരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. ഭൂഗർഭ ജലസ്രോതസ്സ് സംരക്ഷിക്കുന്നതിനും ഡിസാസ്റ്റർ മാനേജ്മെന്റിൽ നിന്നുള്ള പണം ഉപയോഗിച്ച് ജലദൗർലഭ്യം നേരിടുന്നതിനും തയ്യാറാകണം. കേന്ദ്ര-സംസ്ഥാന വിഹിതമുള്ള

പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ സർക്കാർ പിന്നോക്കം പോയിരിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ പ്രകടിപ്പിച്ച വിമർശനങ്ങൾക്കും നിർദ്ദേശങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. ജലവിഭവ മേഖലയിലുണ്ടായ പ്രതിസന്ധി ആർജ്ജവത്തോടെ അതിജീവിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. നെയ്യാർഡാമിൽ നിന്ന് തിരുവനന്തപുരം നഗരത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ വെള്ളമെത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. നടപ്പുസാമ്പത്തിക വർഷം 42 പദ്ധതികളിലൂടെ ശുദ്ധീകരിച്ച ജലം വിവിധ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും എത്തിക്കാനുള്ള നടപടികൾ ആരംഭിക്കുകയും പ്രതിദിനം 110 ദശലക്ഷം ലിറ്റർ അധിക ഉൽപ്പാദനശേഷിയുള്ള പദ്ധതികൾ കമ്മീഷൻ ചെയ്യുകയും ചെയ്തു. നിരക്ക് വർദ്ധനയില്ലാതെ വരുമാനം വർദ്ധിപ്പിക്കാനും വാട്ടർ അതോറിറ്റിയെ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ജനമിത്ര ഓൺലൈൻ സംവിധാനം നടപ്പിലാക്കാനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം പുതുതായി 17 കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്യുകയും ശബരിമല തീർത്ഥാടന കാലത്ത് റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ച് ഭക്തർക്ക് ശുദ്ധീകരിച്ച ജലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. ഗ്രാമീണ ശുദ്ധജല പദ്ധതികൾക്കായുള്ള കേന്ദ്രവിഹിതം മൂന്നിലൊന്നായി കുറയ്ക്കുകയും കിഫ്ബിയുടെ

സഹായത്തോടെ പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ ശ്രമിക്കുകയും ചെയ്തു. നബാർഡ് ധനസഹായത്തോടെ 14 പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതികളും കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, ഗുരുവായൂർ, കൊച്ചി, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിൽ അമൃത് പദ്ധതിയും നടപ്പാക്കുന്നതാണ്. ആലപ്പുഴയിൽ യുഡിസ്മാറ്റ് പദ്ധതി കമ്മീഷൻ ചെയ്യുകയും കൊച്ചിയിലേയ്ക്ക് പ്രതിദിനം 15 ദശലക്ഷം ജലം അധികമെത്തിക്കുന്ന പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതുമാണ്. നെയ്യാറിൽനിന്നും പ്രതിദിനം 120 ദശലക്ഷം ജലം ശുദ്ധീകരിക്കുന്നതിനുള്ള പദ്ധതിക്ക് അനുമതി കൊടുക്കുകയും വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പൈപ്പുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ പ്രദേശങ്ങളിലും വ്യാപിപ്പിക്കുന്നതാണ്. അഞ്ചുവർഷത്തിനുള്ളിൽ പത്തുലക്ഷം പുതിയ കണക്ഷനുകൾ നൽകാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബില്ലിംഗിനും കളക്ഷനുമായി കമ്പ്യൂട്ടർവൽക്കൃത സംവിധാനം ആരംഭിക്കാനും അരിയർ ബില്ലുകൾ പിരിച്ചെടുക്കാൻ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും ജലശുദ്ധീകരണശാലകൾ സ്ഥാപിച്ച് ജലലഭ്യത ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് സർക്കാർ പ്രവർത്തിക്കുന്നത്.

നിലവിലുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള പണം അനുവദിക്കാൻ ധനകാര്യ വകുപ്പുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. കൊച്ചി നഗരസഭയ്ക്കും സമീപ മുനിസിപ്പാലിറ്റികൾക്കുമായി വിഭാവന ചെയ്ത ജല ശുദ്ധീകരണശാലയ്ക്കാവശ്യമായ സ്ഥലം ലഭ്യമാക്കാൻ ഊർജ്ജിത ശ്രമങ്ങൾ നടത്തിവരികയാണ്. ജലസേചനവുമായി ബന്ധപ്പെട്ട് പ്ലാൻ എക്സ്പെൻഡിച്ചർ 90.5 ശതമാനം എത്തിച്ചേരാൻ കഴിഞ്ഞുവെന്നുള്ളത് വലിയൊരു നേട്ടമാണ്. കുളങ്ങൾ വൃത്തിയാക്കാനും കിണറുകൾ റീചാർജ്ജ് ചെയ്യാനും ജലസ്രോതസ്സുകളെ സമ്പുഷ്ടമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കാനും ജലദൗർലഭ്യം അനുഭവപ്പെടുന്ന നദികൾക്ക് കുറുകെ റെഗുലേറ്ററുകൾ നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്. ജലസേചന പദ്ധതികളുടെ  പുനരുദ്ധാരണത്തിനായി 200 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വൻകിട പദ്ധതികൾ ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ അതിജീവിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ബാണാസുരസാഗർ, കാരാപ്പുഴ, ഇടമലയാർ, മൂവാറ്റുപുഴ എന്നീ ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ബാവിക്കര റെഗുലേറ്ററിന്റെ പണി പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ചമ്രവട്ടം ജലസേചന പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. കോൾ നിലങ്ങളിൽ ബണ്ടുകൾ നിർമ്മിക്കുന്ന കാര്യം കൃഷി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

കേന്ദ്ര സഹായം ലഭ്യമാകാത്ത സാഹചര്യത്തിൽ വെട്ടം-തലക്കാട് പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി  കിഫ്ബിയിൽ നിന്നോ മറ്റ് സാമ്പത്തിക സ്രോതസ്സിൽനിന്നോ ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതാണ്. ജലനിധിയുമായി ബന്ധപ്പെട്ട് നടപ്പുസാമ്പത്തിക വർഷം 300 പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്. ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കാൻ പരമാവധി ശ്രമിക്കുന്നതാണ്. കാവേരി സെൽ അടച്ചുപൂട്ടാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അംഗങ്ങൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. 7593 കോടി രൂപയുടെ ആഭ്യന്തര ഉത്പാദനമാണ് കഴിഞ്ഞ വർഷം ഉണ്ടായിട്ടുള്ളത്. ഇതിന് മുഖ്യപങ്ക് വഹിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആളോഹരി വരുമാനം വളരെ തുച്ഛമാണ്. ഈ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ വിവിധ പദ്ധതികൾ നടപ്പാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ഒരു ദശാബ്ദമായി കടലിൽ നിന്നുള്ള മത്സ്യത്തിന്റെ ലഭ്യതയിൽ 13%-ന്റെ കുറവ് അനുഭവപ്പെടുകയാണ്. മത്സ്യസമ്പത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് സഹായകരമായ ലക്ഷ്യബോധമുള്ള

പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി കടലിന്റെ ആവാസ വ്യവസ്ഥ സംരക്ഷിക്കാൻ കൃത്രിമ പാരുകളിടുന്ന നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണതകൾ ഒഴിവാക്കുന്നതിനായി ചില നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. കെ.എം.എഫ്.ആർ.ഐ. ആക്ടിൽ ഭേദഗതി വരുത്താനും 44 ഇനം ചെറുമത്സ്യങ്ങൾ പിടിക്കുന്നതിന് നിരോധനമേർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന്റെ ഭാഗമായി മത്സ്യകുഞ്ഞുങ്ങളുടെ ഉത്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. നാടൻ മത്സ്യഇനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കോൾ നിലങ്ങളും കുട്ടനാടൻ പാടശേഖരങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിൽ സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പാക്കാനും ജീവിതസൗകര്യം വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്കായി 3149 വീടുകൾ നിർമ്മിച്ച നൽകുകയും 8 വീടുകൾ ഉൾക്കൊള്ളുന്ന 24 ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതാണ്. സി.ആർ.ഇസഡ്. നിയമത്തിന്റെ പരിധിയിൽ നിന്നും മത്സ്യത്തൊഴിലാളി ഭവനങ്ങളെ ഒഴിവാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സമ്മതം ലഭിച്ചിട്ടുണ്ട്. സർക്കാരിന്റെ

ഒന്നാം വാർഷികത്തോടനുബന്ധിച്ച് അദാലത്ത് സംഘടിപ്പിച്ച് മത്സ്യത്തൊഴിലാളികൾക്കുള്ള പട്ടയം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനുള്ള പണം കണ്ടെത്തുന്നതിനായി ഗ്രീൻ ക്ലൈമറ്റ് ഫണ്ടിൽ 12,547 കോടി രൂപയുടെ സമീപനരേഖ സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ട്. തീരദേശത്ത് മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുപുറമേ ഫിഷറീസ് വകുപ്പിന് കീഴിലുള്ള 39 ഡിസ്പെൻസറികൾ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതാണ്. ഫിഷറീസ് സ്കൂളുകളിലെ 50 ശതമാനം സീറ്റുകളിൽ ഡേ സ്കോളേഴ്സിന് പ്രവേശനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആകെയുള്ള പത്ത് ഫിഷറീസ് സ്കൂളുകളിൽ ഏഴിലും എസ്.എസ്.എൽ.സി.-ക്ക് നൂറ് ശതമാനം വിജയമാണ് ഉണ്ടായിട്ടുള്ളത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചതിനുപുറമെ മത്സര പരീക്ഷകൾക്ക് പ്രത്യേക പരിശീലനവും നൽകിവരുന്നുണ്ട്. ഇത്തരത്തിൽ പരിശീലനം ലഭിച്ച 11 കുട്ടികൾക്ക് മെഡിസിനും നാല് കുട്ടികൾക്ക് ബി.ഡി.എസ്.-നും മെരിറ്റിൽ അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി കുട്ടികൾക്ക് സ്റ്റൈപ്പന്റ് ഇനത്തിൽ നൽകേണ്ടിയിരുന്ന 33 കോടി രൂപയുടെ കുടിശ്ശിക ഈ സർക്കാരാണ് കൊടുത്തുതീർത്തത്. സ്റ്റൈപ്പന്റ് കൃത്യമായി കൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി 'അക്ഷരസാഗരം' പദ്ധതി നടപ്പാക്കുകയും സമാശ്വാസ പദ്ധതി 4500 രൂപയായും ഗ്രൂപ്പ് ഇൻഷ്വറൻസ് 10 ലക്ഷം രൂപയായും വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ പ്രതിമാസ പെൻഷൻ 1100 രൂപയായി ഉയർത്തിയിട്ടുണ്ട്. മണ്ണെണ്ണ സബ്സിഡി കുടിശ്ശിക തീർത്ത് നൽകിയെങ്കിലും പി.ഡി.എസ്. നിരക്കിൽ ലഭിക്കാത്ത പ്രശ്നത്തിന് പരിഹാരം കാണേണ്ടതുണ്ട്. മുതലപ്പൊഴി, ചേറ്റുവ, കൊയിലാണ്ടി, തലായി, കാസർഗോഡ് എന്നീ ഹാർബറുകൾ ഈ വർഷം കമ്മീഷൻ ചെയ്യുന്നതാണ്. ഡ്രെഡ്ജിംഗിന് ഈ വർഷം പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുകയും നീണ്ടകര, ചെല്ലാനം, ചോമ്പാൽ, അഴീക്കൽ, ചെറുവത്തൂർ, കാസർഗോഡ് തുടങ്ങിയ ഹാർബറുകളെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വെള്ളയിൽ, താനൂർ, പുതിയാപ്പ, തോട്ടപ്പള്ളി തുടങ്ങിയ ഹാർബറുകൾ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്നതാണ്. ഫിഷറീസ് യൂണിവേഴ്സിറ്റിയെ ആധുനികവൽക്കരിക്കുന്നതിനും കൊല്ലം, പയ്യന്നൂർ എന്നിവിടങ്ങിൽ പുതിയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുക ഫലപ്രദമായി വിനിയോഗിക്കാൻ ഫിഷറീസ് വകുപ്പിന് സാധിച്ചിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് ഇൻലാൻഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ ആക്ട് ഭേദഗതി ചെയ്യുന്നതാണ്. മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും ഗുണനിലവാരമുള്ള

മത്സ്യം കേട്ടുകൂടാതെ എത്തിക്കുന്നതിനും വരും വർഷങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള ഫിഷ് മാർക്കറ്റുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും 41-നെതിരെ 77 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.59 -ന് പിരിഞ്ഞു.

****